ശ്രീ. എം. ഹംസ: സർ, 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിക്കാൻ കാരണം 2012 ജനുവരി മാസം 31-ാം തീയതി, യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ് ഇത് ആദ്യമായി ഓർഡിനൻസാക്കുന്നത്. പക്ഷേ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുതന്നെ ഇതിന്റെ ഓർഡിനൻസ് നിലവിൽ വന്നിരുന്നു, ക്ഷേമ പദ്ധതികൾ കേരളത്തിൽ നടപ്പാക്കിയിരുന്നു. കേരള സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ഈ ക്ഷേമ പദ്ധതിക്ക് 2012 മെയ് മാസം മുതൽ ജനുവരി മാസം 31 വരെ അവധി കൊടുക്കുന്ന ഒരു സ്ഥിതിയുണ്ടായി. ഇത് കേരളത്തിലെ ഗവൺമെന്റിന്റെ കാര്യക്ഷമതയില്ലായ്മയുടെ ലക്ഷണമായി സൂചിപ്പിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. 3 തവണകളിലായി ഓർഡിനൻസ് ഇറക്കേണ്ടിവന്നു. 3 തവണകളുടെ ഓർഡിനൻസുകൾക്കിടയിലും ഇതിന് അവധി കൊടുക്കേണ്ടിയും വന്നു. ഒരു ക്ഷേമ പദ്ധതിക്ക് ഒരു ഇടക്കാല അവധി കൊടുക്കുന്ന അസാധാരണമായൊരു സാഹചര്യമാണുണ്ടായിട്ടുള്ളത്. അങ്ങനെയൊരു സാഹചര്യമുണ്ടായത് ജാഗ്രതക്കുറവ് വന്നതുകൊണ്ടാണെന്ന കാര്യം സൂചിപ്പിക്കാൻ ഞാൻ ഈ സമയം ഉപയോഗപ്പെടുത്തുകയാണ്. ആധാരമെഴുത്തുകാരും സ്റ്റാമ്പ് വെണ്ടർമാരും പകർത്തെഴുത്തുകാരും പന്ത്രണ്ടായിരത്തോളം

വരുന്ന ക്ഷേമനിധിക്കാരും മൂവായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റാറോളം (രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്, ഐ. ജി. ഉൾപ്പെടെ) വരുന്ന കേരള സംസ്ഥാന സർക്കാർ ജീവനക്കാരും ചേർന്നുകൊണ്ടാണ് നമ്മുടെ കേരളത്തിന്റെ സാമ്പത്തിക ഘടനയ്ക്ക് വലിയ തോതിലുള്ള വരുമാനമുണ്ടാക്കിത്തരുന്നത്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 792 കോടി രൂപയായിരുന്നു വരവ്. ഇപ്പോൾ അത് 1335 കോടി രൂപയായി വർദ്ധിച്ചു. രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 196 കോടി രൂപയായിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ ഉണ്ടായിരുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണം അവസാനിപ്പിച്ചപ്പോൾ അത് 601 കോടി രൂപയായി മാറി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലഘട്ടം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ വരുമാന വർദ്ധനവിന് ഏറ്റവും കൂടുതൽ ഇടപെട്ട ഒരു കാലമാണ്. ആരെയും ബുദ്ധിമുട്ടിക്കാതെ ആരെയും ഉപദ്രവിക്കാതെ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഏറെ സഹായമുണ്ടാക്കത്തക്ക രീതിയിൽ ചോർന്നുപോകുന്ന മേഖലകൾ ഏതെല്ലാമാണെന്ന് കണ്ടെത്തി ആ ചോർച്ചയെല്ലാം അടച്ച് നമ്മുടെ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഏറ്റവും കൂടുതൽ പണം ഉണ്ടാക്കിത്തരുന്നതിനുവേണ്ടി സഹായിച്ചു. ഇന്നും കേരളത്തിലെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് കാര്യക്ഷമമായി പ്രവർത്തിച്ചാൽ, 12,000-ഓളം വരുന്ന ഈ പകർത്തെഴുത്തുകാരും സ്റ്റാമ്പ്വെണ്ടർമാരും ആധാരമെഴുത്തുകാരും എല്ലാവരും ചേർന്ന് ശ്രമിച്ചാൽ ഈ ഡിപ്പാർട്ടുമെന്റ് വഴി ഇനിയും കോടിക്കണക്കിന് രൂപ വലിയ

ബുദ്ധിമുട്ടൊന്നുമില്ലാതെ ജനങ്ങളിൽ നിന്നും സമാഹരിച്ച് ഗവൺമെന്റിന്റെ ഖജനാവിലേക്ക് എത്തിക്കാൻ കഴിയും. പക്ഷേ ഈ ഡിപ്പാർട്ടുമെന്റ് കാര്യക്ഷമമല്ല. ഡോക്കുമെന്റുകൾ രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ച് നമുക്കറിയാം. പന്ത്രണ്ടര ലക്ഷം ഡോക്കുമെന്റുകൾ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തു. ഈ വർഷം നവംബർ മാസം വരെ പതിമൂന്ന് ലക്ഷം ഡോക്കുമെന്റുകൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് വഴി രജിസ്റ്റർ ചെയ്തു. ഇത്രയധികം പ്രവൃത്തി ചെയ്യുന്ന, വളരെയധികം ഡോക്കുമെന്റുകൾ രജിസ്റ്റർ ചെയ്യുന്ന, ഇൻകം ക്രിയേറ്റ് ചെയ്യുന്ന, എല്ലാ ആധാരങ്ങളും സൂക്ഷിച്ചുവയ്ക്കുന്ന, കൈകാര്യം ചെയ്യുന്ന വളരെ പ്രധാനപ്പെട്ട ഒരു വകുപ്പ് കാര്യക്ഷമമല്ലാതായി മാറുക എന്നുപറയുന്നത് നമുക്ക് ഗുണകരമല്ല. അതുകൊണ്ട് ഇതിനെ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള വളരെ ശ്രദ്ധാപൂർവ്വമായ നീക്കങ്ങൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷക്കാലംകൊണ്ട് ഉണ്ടാക്കിയ വലിയ നേട്ടത്തെത്തുടർന്നാണ് ഇപ്പോൾ രജിസ്ട്രേഷൻ വകുപ്പ് അങ്ങ് കൈകാര്യം ചെയ്യുന്നത്. അങ്ങ് ആ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നീക്കങ്ങൾ നടത്തണം. ഇതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ടെക്നോളജിയെ ആണ് നാം ഉപയോഗപ്പെടുത്തേണ്ടത്. ടെക്നോളജി നന്നായി ഉപയോഗപ്പെടുത്തണം. ഇന്ന് 311 സബ് രജിസ്ട്രാർ ഓഫീസുകളിൽ മോഡണൈസേഷൻ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ

നടത്തുന്നതിനാവശ്യമായ സംവിധാനത്തിലേക്ക് എന്തുകൊണ്ട് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് പോകുന്നില്ല? അതിനുവേണ്ടി എന്തുകൊണ്ട് ശ്രമിക്കുന്നില്ല? അങ്ങ് ഇടപെട്ടുകൊണ്ട് ഓൺലൈൻ സമ്പ്രദായത്തിൽ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ശ്രമം നടത്തണം. ഇന്റർനെറ്റ് ഉപയോഗപ്പെടുത്തിക്കൊണ്ട്, സൈബർ ടെക്നോളജി ഉപയോഗപ്പെടുത്തിക്കൊണ്ട് ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്തുന്നതിനുവേണ്ടിയുള്ള ശ്രമം കേരളത്തിന്റെ ഇന്നുവരെയുള്ള ചരിത്രത്തിൽ ഒരിടത്ത് (തിരുവനന്തപുരം ജില്ലയിലെ പട്ടം) മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്, മറ്റെവിടെയും നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ഓൺലൈൻ സമ്പ്രദായം നടപ്പാക്കുന്നതിനുള്ള നീക്കങ്ങൾ നടത്തണം.

ശ്രീമതി കെ. എസ്. സലീഖ :സർ, രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക സൗകര്യങ്ങൾ കൊണ്ടുവരണമെന്ന് പറയുമ്പോൾത്തന്നെ മിക്ക രജിസ്ട്രാർ ഓഫീസുകളിലും ഉള്ള രേഖകൾ സൂക്ഷിക്കുന്നതിനുപോലും വളരെയേറെ പ്രയാസം അനുഭവിക്കുന്നുവെന്നുള്ള അവസ്ഥ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എം. ഹംസ : തീർച്ചയായും. രജിസ്ട്രാർ ഓഫീസുകളുടെ ഇപ്പോഴത്തെ സ്ഥിതിയിലേക്ക് ഞാൻ കടന്നുവരുന്നുണ്ട്. കേരളത്തിലെ രജിസ്ട്രാർ ഓഫീസുകളുടെ സ്ഥിതി വളരെ മോശമാണ്. കെട്ടിടങ്ങൾ ചോർന്നൊലിക്കുന്നതാണ്, വെയിൽ കൊള്ളുന്നതാണ്, ആളുകൾക്ക് യാതൊരു തരത്തിലുള്ള സൗകര്യമില്ലാത്തതാണ് എന്നുള്ളതൊക്കെ

നമുക്ക് അറിയാം. ഞാൻ പറഞ്ഞുവരുന്നത് ടെക്നോളജി ഉപയോഗപ്പെടുത്തിക്കൊണ്ട് ..............

ശ്രീമതി അയിഷാ പോറ്റി : സർ, കൊട്ടാരക്കരയിൽ ഉണ്ടായിരുന്ന അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കത്തിപ്പോയിട്ട് ഏതാനും വർഷങ്ങളായി. കെട്ടിടം പുനർനിർമ്മിക്കുന്നതിനുവേണ്ടി നിരവധി തവണ ആവശ്യപ്പെട്ടിട്ടും യാതൊരു നടപടിയും ആയിട്ടില്ല എന്നുളളത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. എം. ഹംസ : സർ, ബഹുമാനപ്പെട്ട മന്ത്രി പറയേണ്ട കാര്യമാണത്. അദ്ദേഹം പറയുമെന്ന് വിചാരിക്കുന്നു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ എന്തുകൊണ്ട് ഡിജിറ്റൈസേഷൻ പ്രക്രിയ നമുക്ക് ഉപയോഗിച്ചുകൂടാ? കെട്ടിടമില്ലാത്ത കൊട്ടാരക്കരയിലാണ് ഡിജിറ്റൈസേഷൻ തുടങ്ങിവച്ചത്. വേറെ എവിടെയും തുടങ്ങിവച്ചിട്ടില്ല. രേഖകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞാൽ എവിടെ നിന്നും ആർക്കും എപ്പോഴും അവരുടെ ആധാരങ്ങളെ തിരിച്ചറിയാനും അതിന്റെ പ്രിന്റെടുക്കാനും സാധിക്കും. അതുകൊണ്ട് ഇത്രയധികം വരുമാനം കേരളത്തിനുണ്ടാക്കിത്തരുന്ന രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് പുതിയ സൈബർ ടെക്നോളജിയുടെ സഹായത്തോടുകൂടി ആധുനികവത്ക്കരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു, അതിനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകണമെന്ന നിർദ്ദേശം ഇതിന്റെ ഭാഗമായി ഞാൻ വയ്ക്കുകയാണ്. രണ്ടാമത് പറയാനുള്ളത് ജീവനക്കാരുടെ ജോലി ഭാരത്തെക്കുറി

ച്ചാണ്. വരുമാനവും ജീവനക്കാരുടെ എണ്ണവും തമ്മിൽ വലിയ അന്തര മുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് രൂപീകരിച്ച സമയത്തെ സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴുമുള്ളത്. പതിമൂന്ന് ലക്ഷത്തോളം വരുന്ന ഡോക്കുമെന്റുകൾ ഒരു കൊല്ലം രജിസ്റ്റർ ചെയ്യപ്പെടുന്നു. രജിസ്ട്രേഷനു കളുടെ എണ്ണം കൂടുമ്പോൾ ജീവനക്കാരുടെ എണ്ണം കൂടുന്നില്ല, ജോലിഭാരം കൂടുന്നുണ്ട്. അവരുടെ ജോലിഭാരം കുറയ്ക്കാൻ ആവശ്യ മായ രീതിയിലുള്ള ചില മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തേണ്ടതുണ്ട്. മറ്റൊന്ന്, നിയമങ്ങളിൽ കാലോചിതമായിട്ടുള്ള പരി ഷ്ക്കാരങ്ങൾ വരുത്തണം. നമുക്കറിയാം കഴിഞ്ഞ ഗവൺമെന്റിന്റെ കാല ഘട്ടത്തിൽ ശ്രീ.എസ്. ശർമ്മ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സന്ദർഭത്തിൽ പൗരാവകാശരേഖ പ്രഖ്യാപിച്ചു. ആ പൗരാവകാശരേഖ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നടപ്പാക്കി. എന്നിട്ട് സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കി. ഈ ഗവൺമെന്റ് വന്നതിനുശേഷം പൗരാവകാശരേഖയെക്കുറിച്ച് ചിന്തിച്ചിട്ടില്ല. നടപ്പാക്കുന്ന കാര്യങ്ങൾ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കിയില്ല. രജിസ്ട്രേഷൻ ഡിപ്പാർട്ടു മെന്റിന്റെ ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും ജനങ്ങളും കൂടിച്ചേർന്ന് ആ പൗരാവകാശ രേഖയിലെ സേവനങ്ങൾ ലഭിക്കുന്നുണ്ടോയെന്ന് സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുക എന്നത് ജനാധിപത്യ പ്രക്രിയ യിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. അതിന് ധൈര്യപൂർവ്വം മുന്നോട്ടു പോകാൻ ശ്രീ. എസ്. ശർമ്മ ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ശ്രമി

ച്ചു. ഇപ്പോൾ സോഷ്യൽ ഓഡിറ്റിംഗ് ഇല്ല. സോഷ്യൽ ഓഡിറ്റിംഗ് വന്നാൽ പലതും പുറത്തുവരും. ഇന്ന് കേരളത്തിൽ പ്രധാനമായും രണ്ട് ഡിപ്പാർട്ടുമെന്റുകൾ - ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും - ജനങ്ങൾക്ക് കയറിച്ചെല്ലാൻ പ്രയാസമുള്ളവയാണ്. രണ്ട് ഡിപ്പാർട്ടുമെന്റുകളും ഏജന്റുമാരാൽ നിയന്ത്രിക്കപ്പെടുകയാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, മുദ്രപ്പത്രങ്ങൾ വഴിയുള്ള തീറാധാരത്തെക്കാൾ ഇന്ന് ബ്രോക്കർമാരും ലാന്റ് മാഫിയായും ചേർന്ന് നടത്തുന്ന പെരുവഴി ആധാരമാണ് രാജ്യത്ത് കൂടുതലായി നടന്നുകൊണ്ടിരിക്കുന്നത്. അതുവഴി ഗവൺമെന്റിന് കോടിക്കണക്കിന് രൂപ നഷ്ടം വരുന്നു. എഗ്രിമെന്റുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുമെന്ന് പറഞ്ഞിരുന്നു. അത് അത്യാവശ്യമല്ലേ? എന്താണ് താങ്കളുടെ അഭിപ്രായം?

ശ്രീ. എം. ഹംസ : സർ, ഇന്ന് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന അഴിമതിയുടെയും കൊള്ളരുതായ്മയുടെയും സൂചനയാണ് ശ്രീ.സി.പി. മുഹമ്മദ് ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായിട്ടും എനിക്ക് അക്കാര്യത്തിൽ ശ്രീ. സി. പി. മുഹമ്മദിന്റെ അഭിപ്രായത്തോട് യോജിപ്പാണുള്ളത്. ഞാൻ പറയുന്നത് ഇപ്പോൾ എല്ലാം ഏജന്റുമാരാണെന്നാണ്. ആധാരമെഴുത്തുകാർക്കും സ്റ്റാമ്പ് വെണ്ടർമാർക്കും പകർത്തെഴുത്തുകാർക്കും ക്ഷേമനിധി വേണം. അവരുടെ വാർദ്ധക്യകാലത്ത് സംരക്ഷണം വേണം, അവരുടെ കുടുംബം സംരക്ഷിക്കപ്പെടണം. അതിനെല്ലാംവേണ്ടി ഈ ക്ഷേമപദ്ധതിക്കകത്ത് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സംരക്ഷിച്ചു

കൊടുക്കണം. ഇനിയും കൂടുതൽ ആനുകൂല്യങ്ങൾ അവർക്ക് കൊടുക്കണം. ഇന്ന് കൊടുക്കുന്ന പെൻഷൻ പോരാ, അത് കൂട്ടണം. അതിനാവശ്യമായ സബ്റൂൾസ് എല്ലാം ഉണ്ടാക്കുന്ന സമയത്ത് തീർച്ചയായിട്ടും അത് പരിഗണിക്കുമെന്ന് തോന്നുന്നുണ്ട്, അതൊക്കെ ചെയ്യണം. ആധാരമെഴുത്തുകാരും പകർപ്പെഴുത്തുകാരും എല്ലാംകൂടിച്ചേർന്ന് അഴിമതിയുടെ ഒരു കൂടാരമായി  രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനെ മാറ്റുന്നത് കേരളം ഒറ്റക്കെട്ടായിട്ട് തടയണം. അത് കേരള ജനതയുടെ ആവശ്യമാണ്. ആ ആവശ്യം നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ധീരമായ നിലപാട് സ്വീകരിച്ചുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് പോകണമെന്ന് ഈ സമയത്ത് ആവശ്യപ്പെടുകയാണ്. ഇപ്പോൾ രജിസ്റ്റ്രാർ ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കി. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കിയതിനുശേഷം ................

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ,  ഇതിലെ ഒരു പ്രത്യേകത, ചർച്ച കൂടാതെ ഗില്ലറ്റിൻ ചെയ്ത് പാസ്സാക്കുന്ന വകുപ്പുകളിൽപ്പെട്ട ഒന്നാണ് രജിസ്ട്രേഷൻ വകുപ്പ്. അത് ഒരിക്കലും സഭയിൽ ചർച്ചയ്ക്ക് വരാറില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: സർ,  അതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിനുള്ള  സൗകര്യം ഈ ബില്ലിൽ കിട്ടിയിട്ടുണ്ട്. രജിസ്ട്രാർ ഓഫീസുകൾ ഇപ്പോൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. കുടിക്കട സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തിനാണ് കാലതാമസം വരുത്തുന്നത്? മാനുവലായി ചെയ്യുന്ന

സമയത്ത് 14-15 ദിവസം കൊണ്ടോ അല്ലെങ്കിൽ ഒരു മാസം കൊണ്ടോ ലഭിച്ചിരുന്ന കുടിക്കട സർട്ടിഫിക്കറ്റ് കമ്പ്യൂട്ടറൈസേഷൻ വന്ന സാഹചര്യ ത്തിൽ ഉടനെ കൊടുക്കാൻ കഴിയില്ലേ? ഇതിന് കാലതാമസം വരുത്തുന്ന തിന് അവിടെ ഏജന്റുമാരുടെയും ഒരു വിഭാഗം സർക്കാർ ജീവനക്കാ രുടെയും ഒരു കൂട്ടുകെട്ടുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലെ എല്ലാ വരും അഴിമതിക്കാരാണ്, എല്ലാവരും ഇതിന് കൂട്ടുനിൽക്കുന്നവരാണ് എന്ന അഭിപ്രായമൊന്നും എനിക്കില്ല. പക്ഷേ എല്ലാ സർക്കാരാഫീസിലും ഒന്നോ രണ്ടോ ആളുകളുണ്ട്. ഈ സിൻഡിക്കേറ്റ് എന്തെങ്കിലും കാരണം പറഞ്ഞ് ജനങ്ങൾക്ക് കിട്ടേണ്ട കുടിക്കട സർട്ടിഫിക്കറ്റ് യഥാമസമയം നൽകാതിരിക്കുന്നത് നീതിനിഷേധമാണ്. പൗരാവകാശ രേഖയുടെ ലംഘ നമാണ് അവിടെ നടക്കുന്നത്. പൗരാവകാശ രേഖയനുസരിച്ച് കൊടു ക്കേണ്ട സമയത്ത് കുടിക്കട സർട്ടിഫിക്കറ്റ് ഇപ്പോൾ കൊടുക്കുന്നില്ല. അതിന് ടെക്നിക്കലായ ഒബ്ജക്ഷൻ പറയുകയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, കൈമാറ്റം ചെയ്തുകൊടു ക്കാൻ പാടില്ലാത്ത ചില ആധാരങ്ങൾ ചില രജിസ്ട്രാർ ഓഫീസുകളിൽ കൈമാറ്റം ചെയ്യുന്നുണ്ട്. വഖഫ് ലാന്റ് രജിസ്റ്റർ ചെയ്ത് കൊടുക്കരുത് എന്ന രജിസ്ട്രേഷൻ ഐ.ജി.യുടെ ഒരു ഉത്തരവ് ഇപ്പോൾ എല്ലാ രജി സ്ട്രാർ ഓഫീസുകളിലും പോയിട്ടുണ്ട്. കാരണം പാർലമെന്റ് പാസ്സാ ക്കിയ നിയമത്തിൽതന്നെ ഇത് കൈമാറ്റം ചെയ്യുന്നതിന് നിയമപരമായ വിലക്കുണ്ട്. പക്ഷേ, ആ വിലക്ക് നിലനിൽക്കെത്തന്നെ ചില രജിസ്ട്രാർ

ഓഫീസുകളിൽ ഇത് രജിസ്റ്റർ ചെയ്തു കൊടുക്കുന്നതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. നേരത്തെ രജിസ്ട്രേഷൻ ഐ.ജി. എല്ലാ രജിസ്ട്രാർമാർക്കും ഇതുസംബന്ധിച്ച സർക്കുലർ അയച്ചിരുന്നതാണ്. എന്നിട്ടുപോലും ഇത്തരം കൈമാറ്റങ്ങൾ നടക്കുന്നു എന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: സർ, ഞാൻ പറഞ്ഞുവന്നത് അതാണ്. വഖഫ് ബോർഡിന്റെ മാത്രമല്ല, കുടിക്കട സർട്ടിഫിക്കറ്റിൽപോലും കടമില്ലാത്തത് കടമുള്ളതായും കടമുള്ളത് കടമില്ലാത്തതുമാകുന്നുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് അങ്ങനെ സർട്ടിഫിക്കറ്റ് കൊടുക്കുകയാണ്. സഹകരണ ബാങ്കിന്റെ ഭരണസമിതിയംഗമായിരുന്ന അവസരത്തിൽ എന്റെ മുമ്പിൽ അങ്ങനെ വന്നിട്ടുണ്ട്. കടമുണ്ടെന്ന് എനിക്ക് നന്നായിട്ടറിയാമായിരുന്നതു കൊണ്ട് അത് തിരിച്ചുകൊടുക്കേണ്ടി വന്നിട്ടുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇൻക്ലൂഡ് ചെയ്യേണ്ട ആധാരങ്ങളുടെ നമ്പറുകൾ ഇൻക്ലൂഡ് ചെയ്യാതെ കുടിക്കട സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാറുണ്ട്. പല സ്ഥലങ്ങളിലും ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്. കുടിക്കട സർട്ടിഫിക്കറ്റ് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ വസ്തു വാങ്ങി അബദ്ധം സംഭവിച്ച പല സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ഇവിടെത്തെ പ്രശ്നം, അങ്ങനെ ഇഷ്യൂ ചെയ്തത് പിന്നീട് ചൂണ്ടിക്കാണിച്ചാൽ മിസ്റ്റേക്ക് പറ്റിയതാണെന്നു പറഞ്ഞ ഒഴിയുകയാണ് ചെയ്യുന്നത്. ആരുടെ പേരിലും ഇതുവരെ നടപടി

യെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ അവസ്ഥ മാറ്റേണ്ടതല്ലേ? ഇത്തരം തെറ്റുകൾ മന:പൂർവ്വമായി വരുത്തിയാൽ അങ്ങനെ ചെയ്ത ഉദ്യോഗസ്ഥനെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. എം. ഹംസ: സർ, അതുതന്നെയാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇക്കാര്യങ്ങളിലൊക്കെ ഒരു അക്കൗണ്ടബിലിറ്റി വേണം. കുടിക്കട സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ മാത്രമല്ല പല കാര്യങ്ങളിലും ആരാണോ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് ആ ഉദ്യോഗസ്ഥന് ഉത്തരവാദിത്തമുണ്ടാകണം. ഒരു ലോണെടുക്കാൻ പോകുമ്പോൾ കടമുണ്ടെന്ന് പറഞ്ഞ് അനാവശ്യമായ സർട്ടിഫിക്കറ്റ് കൊടുത്ത് ലോൺ നിഷേധിക്കപ്പെടുന്ന അനുഭവമുണ്ടായിട്ടുണ്ട്, അതുപോലെ കല്യാണം മുടങ്ങുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിന് വിധേയമായാൽ, അത്തരം അനുഭവങ്ങളുണ്ടാകുമ്പോൾ അത് ചൂണ്ടിക്കാണിക്കാനും അതിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കാനും കഴിയും. ആ രൂപത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഡിജിറ്റൽ ഇമേജ് പ്രിന്റർ ഉപയോഗിച്ച് ഡോക്യുമെന്റുകൾ മുഴുവൻ സർവറിൽ സൂക്ഷിച്ചുവയ്ക്കുന്നതിന് എന്താണ് തടസ്സം; അങ്ങനെ നമുക്ക് ചെയ്യാൻ കഴിയില്ലേ? മറ്റൊന്ന്, സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് രജിസ്റ്റർ ചെയ്തു കൊടുക്കുന്ന അനുഭവമുണ്ട്. സ്വകാര്യവ്യക്തി രജിസ്റ്റർ ചെയ്യാൻ വരുമ്പോൾ ഇത് സർക്കാർ ഭൂമിയാണെന്ന് പറഞ്ഞ് തടസ്സപ്പെടുത്തുന്ന സ്ഥിതിയുമുണ്ട്. ഇത്തരം അവസ്ഥകളെല്ലാം കേരളത്തിലെ രജിസ്ട്രേഷൻ

ഡിപ്പാർട്ട്മെന്റിൽ നടക്കുന്നുണ്ട്. ഇത് അവസാനിപ്പിക്കുന്നതിനുവേണ്ടി വലിയൊരു ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് കൈകാര്യം ചെയ്യുന്ന മറ്റൊരു കാര്യമാണ് ഭൂമിയുടെ ന്യായവില നിശ്ചയിക്കൽ. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്ന കാര്യത്തിൽ ഇന്നും പൂർണ്ണമായ ദിശയിലേക്ക് എത്താൻ കഴിഞ്ഞിട്ടുണ്ടോ;. അത് അപൂർണ്ണമല്ലേ? നിശ്ചയിച്ച വില തന്നെ സത്യസന്ധമാണോ, ശരിയാണോ എന്നുപരിശോധിക്കുമ്പോൾ ന്യായമായ വില നിശ്ചയിച്ചിട്ടില്ല, നിശ്ചയിച്ച വിലയിൽ അപാകതകളുണ്ട്, അപാകതകൾ പരിഹരിക്കുന്നതിന് കളക്ടറെ സമീപിക്കേണ്ടി വരുന്നുണ്ട്, കളക്ടറുടെ തീരുമാനമെടുത്തുവരുമ്പോൾ സമയം ഏറെ വൈകിപോകുന്നുണ്ട്, ഇതിന്റെയെല്ലാം ഭാഗമായുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇന്ന് കേരളത്തിലെ ജനങ്ങളനുഭവിക്കുന്ന സുപ്രധാനമായ പ്രശ്നമാണ്. ആ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും ഇതിന്റെ ഭാഗമായി നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, നേരത്തെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ച കാര്യമാണ്, ഉടമ പോലുമറിയാതെ രജിസ്ട്രേഷൻ നടക്കുന്ന സ്ഥിതി കേരളത്തിലുണ്ട്. അതോടൊപ്പംതന്നെ ഇൻഡ്യയെയാകെ ഞെട്ടിപ്പിച്ച ഒരു സംഭവമാണ് വ്യാജമുദ്രപത്രങ്ങൾ. കേരളത്തിലും വ്യാജമുദ്രപത്രങ്ങളുണ്ട്. അവ ഒഴിവാക്കാൻ കഴിഞ്ഞാൽ സർക്കാർ ഖജനാവിന് വലിയ നേട്ടമുണ്ടാകും, സത്യസന്ധമായി കാര്യങ്ങൾ മുന്നോട്ടുപോകും. അതിനായി എത്രയുംവേഗം ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെ

ടുത്തണം. വ്യാജമുദ്രപത്രങ്ങളുണ്ടാക്കുകയും വിൽക്കുകയും, നോൺ ജുഡീഷ്യൽ സ്റ്റാമ്പ്പോലും കൃത്രിമമായി അച്ചടിക്കുന്നതിന്റെയും ഭാഗമായി 32000 കോടി രൂപയുടെ സ്റ്റാമ്പ് കുംഭകോണം നടത്തിയിട്ടുള്ള വ്യക്തികളുടെ കേരളത്തിലെ ഒരു കണ്ണിയായ അബ്ദുൾ കരീം എന്ന ആൾക്കെതിരെ നോൺ ജുഡീഷ്യൽ സ്റ്റാമ്പ് അച്ചടിച്ചതിന് കേസ്സെടുത്ത വിവരം പത്രത്തിൽ വന്നിട്ടുണ്ട്. അതോടൊപ്പം ഒരു ആധാരംതന്നെ പത്ത് ബാങ്കുകളിൽ പണയം വച്ച് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയ കരകുളം വില്ലേജിലെ അനുഭവവും കേരളത്തിലുണ്ട്. ഒരു ഡോക്യൂമെന്റ് പത്ത് ഡോക്യൂമെന്റാക്കി മാറ്റി വ്യാജമുദ്രപത്രമുപയോഗിച്ച് പത്ത് ബാങ്കുകളിൽ പണയം വച്ച് ബാങ്കുകളെ ചതിക്കുകയും പറ്റിക്കുകയും ചെയ്ത അനുഭവങ്ങളുണ്ട്. ഇതൊക്കെ മാറ്റേണ്ടതല്ലേ? ഇതൊക്കെ തിരുത്തുന്നതിനാവശ്യമായ ശ്രമങ്ങൾ ഉണ്ടാകണം.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, വ്യാജരേഖ ചമച്ച് രജിസ്റ്റർ ചെയ്യുന്നത് കേരളത്തിൽ ഇപ്പോൾ സാധാരണമായിരിക്കുന്നു. നെല്ലിയാമ്പതിയിലെ ചെറുനെല്ലി എസ്റ്റേറ്റിലെ 70-ഓളം ഏക്കർ ഭൂമി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ പത്തുപേരുടെ പേരിൽ രജിസ്റ്റർ ചെയ്ത് ആ ഭൂമി പണയം വച്ച് ബാങ്കുകളിൽ നിന്ന് കോടിക്കണക്കിന് രൂപ തട്ടിയെടുത്ത സംഭവമുണ്ടായി. ബാങ്കുകാർ നോട്ടീസയച്ചിട്ട് മറുപടി ലഭിക്കാതിരുന്ന സാഹചര്യത്തിൽ അന്വേഷിച്ചപ്പോഴാണ് ഈ ഇടപാടുകാരൊന്നും ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥൻമാരല്ല എന്നും ഇവർ വ്യാജരേഖ

ചമച്ചാണ് ലോണെടുത്തതെന്നും മനസ്സിലാക്കുന്നത്. ആ പ്രശ്നമാണ് ഇപ്പോൾ യു.ഡി.എഫിന്റെ കമ്മിറ്റി അന്വേഷണം നടത്തുന്നത് എന്ന വിവരം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. ഹംസ: സർ, വ്യാജരേഖയുണ്ടാക്കി രജിസ്ട്രേഷൻ നടത്തുക മാത്രമല്ല വ്യാജവില്ലേജ് ഓഫീസുപോലും സൃഷ്ടിച്ചവരാണ് ആ കൂട്ടത്തിലുള്ളതെന്ന് അങ്ങേക്കറിയില്ലേ. കേരളത്തിലില്ലാത്ത ഒരു വില്ലേജ് ഓഫീസ് ശ്രീ. പി. സി. ജോർജും കൂട്ടരും കൂടി ഉണ്ടാക്കിയത് സംസ്ഥാനത്തിന്റെ ചരിത്രത്തിൽത്തന്നെ അപൂർവ്വമായിട്ടുള്ള ഒരു സംഭവമാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, അതിൽ കുറച്ചു വ്യക്തികൾ മരിച്ചുപോയവരാണെന്നും മരിച്ചവർ എഴുന്നേറ്റുവന്നാണ് ഒപ്പിട്ടതെന്നുമുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: തീർച്ചയായും അത്തരം സംഭവങ്ങളുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, അങ്ങ് വ്യാജമുദ്രപത്രങ്ങളുടെ കാര്യം പറഞ്ഞു. കോടതിയിൽ നോൺ ജുഡീഷ്യൽ സ്റ്റാമ്പ്പേപ്പർ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. നോൺ ജുഡീഷ്യൽ സ്റ്റാമ്പ്പേപ്പർ ഒരിക്കൽ കോടതിയിൽ ഹാജരാക്കിക്കഴിഞ്ഞാൽ പിന്നീട് അത് ആവശ്യമില്ല. അത് അവരുടെ ബണ്ടിലിലേക്ക് പോകുകയാണ്. അതുകൊണ്ട് ഇത് വ്യാജമാണോ അല്ലയോ എന്നുള്ളത് പിന്നീടൊരിക്കലും പരിശോധിക്കാൻപോലും നിവൃത്തിയില്ലാത്ത സാഹചര്യമുണ്ട്. ഗുരുതരമായ മാനിപു

ലേഷൻസ് നടത്താവുന്ന മേഖലയായി അത് മാറിയിട്ടുണ്ട്. അതിൽ ഒരു കേസ് കണ്ടുപിടിച്ച കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചു. അത്തരം നിരവധി കേസ്സുകൾ കാണും. ഇക്കാര്യം സംബന്ധിച്ച് ഒരു സമഗ്രമായ അന്വേഷണം നടത്തുകയും ഇത് ആവർത്തിക്കാതിരിക്കുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ആരായുകയും ചെയ്യേണ്ടതല്ലേ; വളരെ ഗൗരവമായി അക്കാര്യം ചിന്തിക്കേണ്ടതല്ലേ?

ശ്രീ. എം. ഹംസ: സർ, അതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ അക്കാര്യം പെടുത്തിയത്. നോൺ ജുഡീഷ്യൽ സ്റ്റാമ്പ് എന്നു പറയുന്നത് രജിസ്ട്രാർ ഓഫീസിലാണെങ്കിൽ ഗസറ്റഡ് ഓഫീസർമാരുടെ മുമ്പിലാണ് കൊടുക്കുന്നതെന്ന് പറയാം, എന്നാൽ കോടതിയിൽ മജിസ്ട്രേറ്റിന്റെ മുമ്പിലാണ് കൊടുക്കുന്നത്. അവരുടെ മുമ്പിൽപോലും വ്യാജമായ സ്റ്റാമ്പ് കൊടുക്കാൻ വലിയ ആത്മധൈര്യമുള്ള മാഫിയാസംഘം ഈ കേരളത്തിലുണ്ട്. ആ മാഫിയാ സംഘത്തെ കടിഞ്ഞാണിടുന്നതിന് ആവശ്യമായ നീക്കം രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടത്തേണ്ടതുണ്ട്.

ശ്രീ. കെ. രാജു: ആധാരമെഴുത്തുകാരും വെണ്ടർമാരുമെല്ലാം കുഴപ്പക്കാരാണ്, കള്ളന്മാരാണ് എന്നുള്ള നിലയിൽ ചർച്ച പോകുന്നത് ഉചിതമല്ല. അവരുടെ ക്ഷേമനിധിയെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അതുകൊണ്ടുതന്നെ അവരുടെ ക്ഷേമനിധി ബില്ലിൽ വരുന്ന വ്യവസ്ഥകളും മറ്റു കാര്യങ്ങളുമാണ് ചർച്ച ചെയ്യേണ്ടത്.

ശ്രീ. എം. ഹംസ : ആധാരമെഴുത്തുകാരും സ്റ്റാമ്പ് വെണ്ടർമാരും പകർത്തെഴുത്തുകാരുമുൾപ്പെടെ കേരളത്തിൽ 12,000 പേരുണ്ട്, സംസ്ഥാനത്തിലെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ 3,600 പേരുണ്ട്. ഇവരെല്ലാം കൂടി ചേർന്നാണ് സംസ്ഥാനത്തിൽ ഏതാണ്ട് 2000–3000 കോടി രൂപയുടെ വരുമാനം ഉണ്ടാക്കിത്തരുന്നത്. ഇവരുടെ ക്ഷേമപദ്ധതികൾ എത്ര കൊടുത്താലും പോരാ അത് കൂട്ടണമെന്ന കാര്യംപറഞ്ഞുകൊണ്ടാണ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിലേയ്ക്ക് കടന്നത്. ബഹുമാനപ്പെട്ട ശ്രീ. എസ്. ശർമ്മ മന്ത്രിയായിരിക്കുന്ന സന്ദർഭത്തിൽ ഇറക്കിയ ഓർഡിനൻസിൽ ഒരു മാറ്റവും വരുത്താതെ അതേപടി ശ്രീ. അനൂപ് ജേക്കബും മൂന്നു തവണ ഓർഡിനൻസ് ഇറക്കി, അത് ബില്ലാക്കി. ശ്രീ. ശർമ്മ എന്താണോ ഉദ്ദേശിച്ചത് അത് അതേപടി നടപ്പാക്കാൻ തയ്യാറായത് അഭിനന്ദനം അർഹിക്കുന്നു. അത് പറഞ്ഞുകൊണ്ടുതന്നെയാണ് ഞാനതിനെ സ്വാഗതം ചെയ്തത്.

ശ്രീ. കെ. ശിവദാസൻ നായർ : ഇവിടെ ആധാരമെഴുത്തുകാർ മാത്രമല്ല കുഴപ്പക്കാർ. ധാരാളം വക്കീലന്മാരും ആധാരമെഴുത്തു ജോലിയിലേക്ക് വ്യാപകമായി പോയിട്ടുണ്ട്. അതുകൊണ്ട് പല ആധാരമെഴുത്തുകാർക്കും ഇപ്പോൾ വലിയ വരുമാനമില്ലാത്ത ഒരവസ്ഥയിലേക്ക് വന്നു. കാരണം കോടതിയിൽ വലിയ വരുമാനമില്ലെങ്കിൽ വക്കീലന്മാർ നേരെപോയി ആധാരമെഴുതി കൂടുതൽ പണമുണ്ടാക്കുന്ന സ്ഥിതിയിലേക്ക് വന്നിട്ടുണ്ട്. അതുകൊണ്ട് ആധാരമെഴുത്തുകാരെക്കുറിച്ച് പറ

ഞ്ഞത് വക്കീലൻമാർക്കും ബാധകമാണ് എന്ന കാര്യം ശ്രീ. കെ. രാജു മറക്കേണ്ടതില്ല.

ശ്രീ. എം. ഹംസ : സമൂഹത്തിൽ എല്ലാ മേഖലയിലും ഒരുപാട് സത്യസന്ധന്മാരുണ്ട്. എല്ലാ മേഖലയിലും ന്യൂനപക്ഷം കറുത്തപുള്ളികളുമുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ആധാരമെഴുത്തുകാർ ഭൂരിപക്ഷവും നല്ലവരാണ്. പക്ഷേ ന്യൂനപക്ഷം വരുന്ന ഈ ആളുകൾ നമ്മുടെ സമൂഹത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അത്തരം പോരായ്മകളും കള്ളത്തരങ്ങളും തിരുത്തപ്പെടേണ്ട കാര്യങ്ങളാണെന്നാണ് ഞാൻ ഈ സഭയുടേയും ഗവൺമെന്റന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അണ്ടർ വാല്യുവേഷനെക്കുറിച്ച് സി.ഐ.ജി.-യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സി.ഐ.ജി.-യുടെ റിപ്പോർട്ടിൽ ആകെ പരിശോധനയ്ക്ക് വിധേയമാക്കിയത് 235 കേസ്സാണ്. 235 അണ്ടർ വാല്യുവേഷൻ കേസ്സുകൾ കൺട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ അതിൽ നിന്ന് മാത്രം സർക്കാരിന് നഷ്ടം വന്നത് 47.35 കോടി രൂപയാണെന്ന് സി.ഐ.ജി. പറയുകയാണ്. അണ്ടർ വാല്യുവേഷൻ എന്നുള്ള ഒരു പ്രക്രിയയിൽ കേവലം കുറഞ്ഞ കേസ്സുകൾ മാത്രം പരിശോധിച്ചിട്ടാണ് ഇതെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞാൽ എത്ര വരുമാനം നമുക്കുണ്ടാക്കാൻ സാധിക്കും. അർഹതപ്പെട്ടത് കിട്ടിയാൽ മതി. അത് നമ്മുടെ നാട്ടിലെ മറ്റു ക്ഷേമ പദ്ധതികൾക്ക് ഉപയോ

ഗിക്കാം കർഷക തൊഴിലാളികൾക്ക് പെൻഷൻ വർദ്ധിപ്പിക്കാൻ പണമില്ലെന്നാണ് പറയുന്നത്. പെൻഷൻ കൂട്ടിക്കൂടെ?

ശ്രീ. സി. പി. മുഹമ്മദ് : സ്വാതന്ത്ര്യം കിട്ടി ഇത്രയും കാലം കഴിഞ്ഞിട്ടും ഒരു പരിഷ്ക്കാരമില്ലാത്ത ഒന്നാണ് ആധാരഭാഷ. ആധാരത്തിലെ ഭാഷയും ഡോക്ടറുടെ കുറിപ്പും പലർക്കും വായിച്ചാൽ മനസ്സിലാവുകയില്ല. ആധാരമെഴുത്തുകാർ ആധാരമെഴുത്ത് നിർത്തി ജീവിതത്തിൽ വേറെ ഏതെങ്കിലും മേഖലയിലേക്ക് പ്രവേശിച്ചാലും അവർ ആധാരഭാഷ മറക്കുന്നില്ല. ആധാരമെഴുത്തുകാരൻ ഒരു ചായക്കട തുടങ്ങിയപ്പോൾ കടം വാങ്ങിയ ഒരാൾക്ക് പറ്റ് എഴുതിയത്, വെള്ളായംഞ്ചേരി അംശം വെളിയന്നൂർ ദേശം വലിയ പറമ്പത്ത് ജോസഫ് മകൻ വർക്കി സ്വസ്ഥം ഗൃഹഭരണം വയസ്സ് 48 ചായ വക പറ്റ് 10 രൂപ എന്ന്. എനിക്ക് പോലും ആധാരഭാഷ ഇതുവരെയും മനസ്സിലായിട്ടില്ല. ഇതൊന്ന് മാറ്റണമെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

ശ്രീ. എം. ഹംസ: ആധാരമെഴുത്തുകാർ ഇപ്പോൾ ഡി.റ്റി.പി.യിലേയ്ക്കെല്ലാം വന്നിട്ടുണ്ട് എന്നാൽ ഭാഷയിൽ മാറ്റമില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. .

ശ്രീ. എം. ചന്ദ്രൻ : ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് അണ്ടർ അണ്ടർ വാല്യുവേഷനെ സംബന്ധിച്ചാണ്. പണം കുറച്ചു കാണിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിന്റെ വരുമാനക്കുറവാണ് സർക്കാരിന് നഷ്ടപ്പെടുന്നത്. പക്ഷേ, ഇപ്പോൾ ജനങ്ങൾക്കും നഷ്ടമുണ്ടായിക്കൊ

ണ്ടിരിക്കുകയാണ്. ഇപ്പോൾ വ്യാപകമായി വികസന പ്രവർത്തനത്തിനായി നമ്മുടെ സംസ്ഥാനത്ത് ഭൂമി അക്വയർ ചെയ്യുന്നുണ്ട്. എന്റെ മണ്ഡലത്തിൽക്കൂടി പോകുന്ന നാഷണൽ ഹൈവേ, എൻ. എച്ച്-47 നുവേണ്ടി ഒട്ടേറെ ഭൂമി അക്വയർ ചെയ്തു. പത്ത്നാലായിരം ആളുകളുടെ ഭൂമിയാണ് അക്വയർ ചെയ്തത്. അങ്ങനെ അക്വയർ ചെയ്തതിനൊക്കെ വില കണക്കാക്കുന്നത് മൂന്ന് കൊല്ലം മുമ്പ് രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ വില കണക്കാക്കിയിട്ടാണ്. അത് ഭീമമായ നഷ്ടമാണ് അവർക്ക് ഉണ്ടാക്കികൊടുക്കുന്നത്. അതുകൊണ്ട് അണ്ടർ അണ്ടർ വാല്യുവേഷൻ സർക്കാരിന് സാമ്പത്തിക നഷ്ടം മാത്രമല്ല പൊതുജനങ്ങൾക്കും സർക്കാർ ഒരു സ്ഥാപനത്തിനുവേണ്ടിയോ വികസനപ്രവർത്തനത്തിന് വേണ്ടിയോ ഭൂമി അക്വയർ ചെയ്യുമ്പോൾ വ്യാപകമായ നഷ്ടമാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. ഹംസ</u> : അതുമാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുള്ള പാലത്തിന് സ്ഥലം കൊടുത്ത ആളുകൾക്ക് പൈസ ഇതുവരെ കൊടുത്തിട്ടില്ല. അത്രമാത്രം ബുദ്ധിമുട്ട് അതുമായി ബന്ധപ്പെട്ടിട്ടുണ്ട്. ജനങ്ങൾ സ്ഥലം കൊടുത്ത് പാലത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും ഭൂമി കൊടുത്തവർക്ക് ഒരു കൊല്ലമായിട്ടും അതിന്റെ പൈസ കൊടുത്തിട്ടില്ല. ഈ പ്രശ്നങ്ങൾക്കെല്ലാം ഒരു ശാശ്വതമായ പരിഹാരം കാണാനുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങളിലേക്ക് ഗവൺമെന്റ് വരേ

ണ്ടതുണ്ട്. അണ്ടർ വാല്യുവേഷൻ സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങളുണ്ടാകണം. മറ്റൊന്ന്, ഈ ക്ഷേമനിധിയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങളൊക്കെ നല്ല നിർദ്ദേശങ്ങളാണ്. ഇനി ഇതിൽ എന്താണ് ആനുകൂല്യം കിട്ടേണ്ടത്, എത്രയാണ് കൊടുക്കേണ്ടത് എന്നുള്ളതൊക്കെ സബ്റൂൾസ് വരുമ്പോൾ മാത്രമേ വരികയുള്ളു. ആ സബ്റൂൾസിൽ ഏത് തലം വരെ ഉയർത്താനും ഏത് തലം വരെ കുറയ്ക്കാനും കഴിയത്തക്ക രീതിയിൽ ഈ ബില്ലിൽ നല്ല പഴുതാണ് ഇട്ടിട്ടുള്ളത്. കാരണം സാധാരണ ഗതിയിൽ ഒരു സർക്കാർ ബില്ല് കൊണ്ടുവരുന്ന സന്ദർഭത്തിൽ വളരെ കുറച്ച് പേജിലാണ് ഒരു ബില്ല് അവതരിപ്പിക്കുന്നതെങ്കിൽ ഈ ബില്ല് വിശദമായ ഓർഡിനൻസ് തന്നെ ഉണ്ടായി എന്നുള്ളതു കൊണ്ടുതന്നെ 25 പേജുള്ള വളരെ നല്ല ഒരു ബില്ലാണ്. ക്ഷേമനിധികാർക്ക് കൊടുക്കാനുള്ള വ്യവസ്ഥയുണ്ട്. വേറൊരു ഉത്കണ്ഠ എനിക്കുണ്ട്. കേരളത്തിലെ നിയമസഭയുടെ ചരിത്രമെന്നു പറയുന്നത് ഒരുപാട് ക്ഷേമനിധികൾ നടപ്പാക്കിയ, നിയമങ്ങൾ കൊണ്ടുവന്ന സഭയാണ്. ചുമട്ടുത്തൊഴിലാളികൾ, ചെത്ത് തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ പാവപ്പെട്ട എല്ല വിഭാഗങ്ങൾക്കും, യൗവ്വനകാലഘട്ടം ഈ സമൂഹത്തിനുവേണ്ടി പ്രവർത്തിച്ച അവരുടെ വാർദ്ധക്യ കാലത്തേ ഒരിക്കലും ബുദ്ധിമുട്ടാതിരിക്കാൻ വേണ്ടിയുള്ള സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ചരിത്രത്തിൽ കേരളം ഒന്നാം സ്ഥാനത്തു നിൽക്കുന്നു. അങ്ങനെ കേരളത്തിലെ ക്ഷേമ പദ്ധതികൾ

മുന്നോട്ടേയ്ക്ക് പോയിട്ടുണ്ട്. പക്ഷേ, ഈ ക്ഷേമപദ്ധതികൾ മുന്നോട്ടു പോകുമ്പോൾ ഈ 21-ാം നൂറ്റാണ്ടും ആഗോളവൽക്കരണത്തിന്റെ ഈ നൂറ്റാണ്ടും ഡോ. മൻമോഹൻസിംഗ് നടപ്പാക്കുന്ന സമീപനങ്ങളും എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളുടെയും കടയ്ക്കൽ കത്തിവയ്ക്കുകയും അതി നെല്ലാം ചരമഗീതം പാടുകയും ചെയ്യുന്ന കാലമാണ്. ഞാൻ രണ്ടാം തവ ണയാണ് നിയമസഭയിലേക്ക് വരുന്നത്. ഡോ.തോമസ് ഐസ്ക് അവത രിപ്പിക്കുന്ന ബഡ്ജറ്റിൽ എല്ലായ്പ്പോഴും കർഷക തൊഴിലാളികൾക്ക് പെൻഷൻ കൂട്ടി. പക്ഷേ കഴിഞ്ഞ തവണ ശ്രീ. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൂട്ടിയില്ല. ഇവിടെ അത്തരം സമീപനങ്ങൾ ചെയ്യാൻ പാടില്ല. ജനിച്ചു വീഴുന്ന കുട്ടിക്ക് 10,000 രൂപയുടെ ഡെപ്പോസിറ്റ് ഇടുകയും അവർക്ക് 18 വയസ്സാകുമ്പോൾ ഒരു ലക്ഷം രൂപ തിരിച്ചു കിട്ടി ആ കുട്ടിയുടെ കല്ല്യാണത്തിനോ അല്ലെ ങ്കിൽ വിദ്യാഭ്യാസത്തിനോ ചെലവഴിക്കാനുള്ള പദ്ധതിക്ക് പണം നീക്കിവ ച്ചില്ല. അങ്ങനെ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് പണം നീക്കിവയ്ക്കാൻ കഴിയാത്ത അവസ്ഥാവിശേഷം സൃഷ്ടിക്കുന്ന ആ നയം തിരുത്തണം. ക്ഷേമപദ്ധതികളോട് നീതി പുലർത്തണം. പാവങ്ങൾക്ക് നമ്മുടെ സമൂഹ ത്തിലെ താഴെത്തട്ടിലുള്ളവരുടെ ജീവിതത്തിന് സുരക്ഷിതത്വം ഉറപ്പുവരു ത്താനുള്ള ഒരു സമീപനം, അത് ഇടതുപക്ഷത്തിന്റെ സമീപനമാണെന്നു ള്ളതുകൊണ്ട് അങ്ങ് തള്ളിക്കളയരുത്. ആ ക്ഷേമപദ്ധതികൾക്ക്, ആ മനു ഷ്യരോട് നീതി പുലർത്താനാവശ്യമായിട്ടുള്ള സമീപനങ്ങൾ സ്വീകരി

ക്കണം. പാലക്കാട് ജില്ലയിൽ കൂടി ഡി.ഡി.സി യോഗത്തിൽ നെല്ലെടുത്തു. നെല്ലിന് തറവില നിശ്ചയിച്ചു. ഒരു കോടി രൂപയുടെ നെല്ലെടുത്തിട്ട് 33 ലക്ഷം രൂപയുടെ നെല്ലിന്റെ പൈസയെ കൃഷിക്കാരന് കൊടുത്തുള്ളു. 73 കോടി രൂപ അവിടെ കൊടുക്കാനുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളുടെ ഭാഗമാണ് ഈ സമീപനം. അപ്പോൾ സാമൂഹ്യക്ഷേമ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയത്തക്ക രീതിയിലുള്ള സമീപനമുണ്ടാകണം. നെൽക്കൃഷിക്കാരെ ബുദ്ധിമുട്ടിക്കരുത് കൊപ്ര കൃഷിക്കാരെ ബുദ്ധിമുട്ടിക്കരുത് അവർക്ക് കൊടുക്കാനുള്ള പൈസ കൊടുക്കണം. ഈ രൂപത്തിലുള്ള സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകാൻ കഴിയണം. ക്ഷേമപദ്ധതികളുടെയും ക്ഷേമരാഷ്ട്രമെന്ന സങ്കല്പവും തകർക്കുന്ന ആഗോളവൽക്കരണത്തിന്റെ ദുഷ്ട സമീപനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടു പോകരുതെന്നും ഈ ക്ഷേമനിധി പദ്ധതിയിൽ അവതരിപ്പിച്ച നിർദ്ദേശങ്ങളോട് യോജിക്കുകയും ഇത് നടപ്പാക്കാൻ ആധാരമെഴുത്തുകാർക്ക് എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നതിനോട് യോജിക്കുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം ശ്രീ. പി. തിലോത്തമന് പ്രസ്തുത പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. പി. തിലോത്തമൻ: 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബില്ലിന്മേൽ ശ്രീ. എം. ഹംസ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. എന്നാൽ ഒരു കാര്യം ചൂണ്ടിക്കാണിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്തെ അദ്ധ്വാനിക്കുന്നവരുടെ ക്ഷേമം ഉറപ്പാക്കാൻ കഴിയുംവിധം ധാരാളം നിയമനിർമ്മാണങ്ങൾ ഈ സഭ നടത്തിയിട്ടുണ്ട്. നിരവധി ക്ഷേമ പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് നടപ്പിൽ വരികയുണ്ടായി. അതിന്റെയെല്ലാം നേട്ടങ്ങൾ കേരളീയ സമൂഹം അനുഭവിക്കുന്നുണ്ട്. വെണ്ടർമാർ, ആധാരമെഴുത്തുകാർ, പകർപ്പെഴുത്തുകാർ എന്നിവരുടെ നിരന്തരമായ ആവശ്യമായിരുന്നു ആ രംഗത്ത് ഒരു ക്ഷേമനിധി വേണമെന്നത്. 1992- ൽ ക്ഷേമനിധിയ്ക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള നീക്കങ്ങളെക്കുറിച്ച് ശ്രീ. എം. ഹംസ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓർഡിനൻസിലൂടെ ഒരു ക്ഷേമനിധി സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് ആരംഭം കുറിക്കുകയുണ്ടായി. ഇതിന്റെ ചുവടു പിടിച്ചുകൊണ്ടാണ് ഇന്നിവിടെ ഈ ബില്ല് അവതരിപ്പിക്കുന്നത്. ആ ഓർഡിനൻസ് ഇറക്കിയതിനുശേഷമുണ്ടായ സംഭവഗതികൾ മുഴു

വൻ പരിശോധിച്ച് കുറച്ചുകൂടി സമഗ്രമായ ഒരു ബില്ല് ആയിരുന്നില്ലേ ഇവിടെ അവതരിപ്പിക്കേണ്ടിയിരുന്നത് എന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് ചോദിക്കാനുള്ളത്. ഇവിടെ ആധുനികവത്ക്കരണത്തെക്കുറിച്ച് പറഞ്ഞു. എല്ലാ രംഗത്തും ആധുനികവത്ക്കരണത്തിന്റെ പാത സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനും ആധാരമെഴുത്തുകാരുടെ മേഖലയ്ക്കാകെത്തന്നെയും അത് കൂടിയേ കഴിയൂ എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ നവീകരണത്തിന്റെയും ആധുനികവത്ക്കരണത്തിന്റെയും പാത സ്വീകരിക്കുമ്പോൾ ഈ രംഗത്ത് പണിയെടുക്കുന്ന ആധാരമെഴുത്തുകാർ, വെണ്ടർമാർ, പകർത്തെഴുത്തുകാർ തുടങ്ങി പതിനായിരക്കണക്കിന് ആളുകൾ ആശങ്കയുടെ മുൾമുനയിൽ നിൽക്കേണ്ടിവരുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്. മറ്റൊരു രംഗത്തും കടക്കാതെ ഇതുവരെ ഒരു ജീവിതവ്രതമായി കണ്ടിരുന്ന ഈ മേഖല നഷ്ടപ്പെടുമോ ആ ജോലിയിൽ തുടരാനാകുമോ എന്ന ആശങ്കയാണ് പൊതുവിൽ ഈ രംഗത്ത് പണിയെടുക്കുന്ന ആളുകളുടെയെല്ലാം മുമ്പിലുള്ളത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കുറച്ചുകൂടി സമഗ്രമായ ഭാവത്തോടെ ഈ മേഖലയിലെ എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്ന ഒരു നിയമമാക്കി മാറ്റാൻ കഴിയുമായിരുന്നില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഈ ബില്ലിൽ ക്ഷേമനിധി പെൻഷന് അർഹരാകുന്നതിനുള്ള നിബന്ധനകൾ 65 വയസ്സിനുതാഴെ പ്രായവും 25 വർഷക്കാലം സേവന പാരമ്പര്യ

വുമുള്ള ഏറ്റവും ചുരുങ്ങിയത് ഒരുവർഷക്കാലമെങ്കിലും അംശാദായം അടച്ച ഒരാളാണ് ക്ഷേമനിധിയിൽ നിന്ന് പെൻഷൻ ലഭിക്കാൻ അർഹനാകുന്നത്. ആധാരമെഴുത്തുകാരായും വെണ്ടർമാരായും പകർത്തെഴുത്തുകാരായും ജീവിതകാലം മുഴുവൻ പണിയെടുത്ത് മരിച്ചതിനുതുല്യമായി ജീവിക്കുന്ന ആളുകളുടെ കാര്യം ഏതാണ്ട് വിസ്മരിച്ച മട്ടാണ്. അതിനെക്കുറിച്ച് ഒരു ഭാഗത്തും ഒന്നും പറയുന്നില്ല. പ്രതിമാസം 100 രൂപ വീതമാണ് അംശാദായമായി അടയ്ക്കേണ്ടത്. 60 വയസ്സിനു താഴെമാത്രമേ പ്രായമുണ്ടാകാൻ പാടുള്ളൂ എന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നതുവഴി വെണ്ടർമാരായി ഈ മേഖലയിൽ പണിയെടുക്കുന്ന മഹാഭൂരിപക്ഷം ആളുകളെയും ആട്ടിപ്പായിക്കുന്നതിന് തുല്യമായി ആ ക്ലോസ് വരില്ലേ എന്നതാണ് എന്റെ സംശയം. കാരണം മുദ്രപ്പത്രം വാങ്ങാൻ വെണ്ടർമാരെ സമീപിക്കുന്ന സന്ദർഭത്തിൽ വെണ്ടർമാരായിരിക്കുന്നത് പ്രായം ചെന്ന ആളുകളാണ്. ജീവിതകാലം മുഴുവൻ ഈ രംഗത്ത് സേവനമനുഷ്ടിച്ചവരാണ്. വെറൊന്നും ചെയ്യാൻ ത്രാണിയില്ലാത്തവരാണ്. വേറൊരു വരുമാനവും ഇല്ലാതെ കടമുറിയിലിരുന്ന് വെണ്ടർ ജോലി ചെയ്തുകൊണ്ടിരിക്കുന്നവരാണ്. മറ്റ് വ്യവസ്ഥകൾ കൊണ്ടുവന്നാൽ അവർക്ക് പെൻഷൻ ലഭിക്കില്ല എന്നുള്ളതാണ് ഇവിടെ ചൂണ്ടിക്കാണിക്കേണ്ട പ്രധാനപ്പെട്ട കാര്യം എന്നാണ് എനിക്ക് തോന്നുന്നത്. ആ വ്യവസ്ഥ ഒഴിവാക്കേണ്ടതാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നുമാത്രമല്ല വെണ്ടർമാരായി പണിയെടുക്കുന്ന ആളുകൾ 65

വയസ്സിൽ റിട്ടയർ ചെയ്യുന്നു എന്നുള്ളതാണ് വേറൊരു വിഷയം വരുന്നത്. അവർ പെൻഷൻ വാങ്ങി വീട്ടിൽ ഇരുന്നുകൊള്ളണം അവർ നാളെ ജോലിയെടുക്കേണ്ടതില്ല എന്ന അവസ്ഥയിലേയ്ക്ക് വരികയാണ്. 2003 -ൽ ഗവൺമെന്റ് ഉത്തരവിറക്കിയപ്പോൾ ഓരോ മൂന്നുവർഷം കൂടുമ്പോഴും ലൈസൻസ് പുതുക്കണം എന്ന് പറഞ്ഞിരുന്നു. എന്നാൽ 2007 -ൽ ആ ആക്ട് ഭേദഗതി ചെയ്തു. ഇന്ന് ഈ രംഗത്ത് ജോലി ചെയ്യുന്നവർക്കെല്ലാം ഈ മേഖലയിൽ തുടരാം. അവർക്ക് ലൈസൻസ് പുതുക്കിക്കൊടുക്കാമെന്ന വ്യവസ്ഥ കൊണ്ടുവന്നു. എന്നാൽ തുടർന്ന് അങ്ങോട്ടുള്ള കാര്യങ്ങൾ എങ്ങനെയാണ് എന്നുള്ളത് സംബന്ധിച്ച് വെണ്ടർമാരുടെ മനസ്സിൽ നിലനിൽക്കുന്ന ആശങ്കകൾ ഇന്ന് പൊതുജനസമക്ഷം അവർ അവതരിപ്പിക്കുന്നുണ്ട്. ആ കാര്യത്തെ സംബന്ധിച്ച് വ്യക്തമായ ഒരു നിലപാടുണ്ടാകണം. മുദ്രപ്പത്ര രംഗത്ത് നടക്കുന്ന അഴിമതിയെക്കുറിച്ച് ശ്രീ. എം.ഹംസ പറഞ്ഞത് ശരിയാണ്. നമ്മുടെ രാജ്യത്തെ ഞെട്ടിച്ച ധാരാളം കുംഭകോണങ്ങൾ മുദ്രപ്പത്രവുമായി ബന്ധപ്പെട്ട് നടക്കുകയുണ്ടായി. എന്നാൽ മുദ്രപ്പത്രക്കച്ചവടവുമായി ബന്ധപ്പെട്ട് കർണ്ണാടക ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിലുണ്ടായതുപോലെയുള്ള കുംഭകോണങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാത്തത് എന്തുകൊണ്ടാണ്? കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളം ഭരിച്ച ഗവൺമെന്റും അതിനു മുമ്പുള്ള ഗവൺമെന്റുകളും തികഞ്ഞ നിശ്ചയദാർഢ്യത്തോടെ ഓരോ മൂന്നുദിവസം കൂടുമ്പോഴും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് പരിശോധന നടത്ത

ണമെന്ന കർശന നിയമം നടപ്പിലാക്കിയപ്പോൾ ആ രംഗത്ത് അത്ര വലിയ കുംഭകോണം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായില്ല. കർശനമായ ആ നട പടികൾ തുടരുമെങ്കിൽ സ്റ്റാമ്പ് പേപ്പർ രംഗത്ത് നമുക്ക് കുറച്ചുകൂടി വിശ്വാസ്യതയോടെ മുമ്പോട്ട് പോകാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ വരുന്ന സ്റ്റാമ്പ് പേപ്പറിനുപകരമുള്ള ഇ-സ്റ്റാമ്പ് സമ്പ്രദായത്തെക്കുറിച്ച് ഗവൺമെന്റ് പറയേണ്ടതിനുപകരം മാധ്യമങ്ങ ളാണ് പറയുന്നത്. അണിയറയിൽ അതിനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഇ-സ്റ്റാമ്പ് സമ്പ്രദായം വരുമ്പോൾ മുദ്രപ്പ ത്രത്തിലുള്ള ഇന്നത്തെ രീതികളൊക്കെ അവസാനിക്കും. കാലോചിത മായ രീതികളും പരിഷ്കാരങ്ങളും മാറ്റങ്ങളും വേണമെന്ന് വാദിക്കു മ്പോൾ മാറ്റങ്ങൾ വേണ്ടിവരും. എന്നാലും ഇ-സ്റ്റാമ്പ് വരുമ്പോൾ ഗവൺമെന്റിന്റെ വരുമാനത്തെ എങ്ങനെ ബാധിക്കുമെന്ന് ചിന്തിച്ചിട്ടു ണ്ടോ? ഇപ്പോൾ വെണ്ടർമാർ മുൻകൂട്ടി പണമടച്ച് മുദ്രപ്പത്രങ്ങൾ വാങ്ങിവച്ചാണ് വിൽക്കുന്നത്. എന്നാൽ ഇ-സ്റ്റാമ്പ് സമ്പ്രദായം വരു മ്പോൾ സർവ്വീസ് കഴിഞ്ഞിട്ടാണ് കളക്ഷൻ വരുന്നത്. അപ്പോൾ ന്യായ മായും ഒരു സംശയം ഇവിടെ ഉടലെടുക്കുകയാണ്. മുൻകൂട്ടി പണമടച്ച് സ്റ്റാമ്പ് പേപ്പർ വാങ്ങി കച്ചവടം ചെയ്യുന്ന അവസ്ഥയിൽനിന്നും സർവ്വീസ് കഴിഞ്ഞ് കളക്ഷൻ നടത്തുമ്പോൾ ഗവൺമെന്റിന്റെ വരുമാ നത്തെ ഇതെങ്ങനെ ബാധിക്കുമെന്നുള്ളതിനെ സംബന്ധിച്ചുള്ള ആശങ്ക പൊതുവെ നിലവിലുണ്ട്. ഇ-സ്റ്റാമ്പ് സമ്പ്രദായം വേണ്ടെന്നല്ല പറയുന്ന

ത്. കർണ്ണാടകത്തിൽ ഇ-സ്റ്റാമ്പ് സമ്പ്രദായം നടപ്പിലാക്കിയതിന്റെ എക്സ്പീരിയൻസുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ രംഗത്ത് പണിയെടുക്കുന്ന പകർത്തിയെഴുത്തുകാർ, വെണ്ടർ കച്ചവടക്കാർ, ആധാരമെഴുത്തുകാരുൾപ്പെടെയുള്ള ആളുകൾ അപ്രത്യക്ഷമാകുമെന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്തിന് താങ്ങാൻ കഴിയാത്തതായിരിക്കും എന്നതാണ് സത്യം. അഭ്യസ്തവിദ്യരായ ആയിരക്കണക്കിന് ആളുകൾ തൊഴിലിനുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന ഈ അവസരത്തിൽ പരിമിതമായെങ്കിലും ഈ മേഖലയിൽ തൊഴിലെടുക്കുന്നവരെകൂടി തൊഴിലില്ലാത്തവരുടെ പട്ടികയിലേയ്ക്ക് തള്ളിവിടുന്ന ഒരു സ്ഥിതി സംജാതമാവുകയാണെങ്കിൽ വളരെ ബുദ്ധിമുട്ട് നേരിടേണ്ടിവരും. അതുകൊണ്ട് ഈ വിഭാഗത്തെ എങ്ങനെ സംരക്ഷിച്ചുകൊണ്ടായിരിക്കണം ആധുനികവത്ക്കരണം നടത്തേണ്ടത് എന്നതിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കേണ്ടതുണ്ട്. തീർച്ചയായും അത്തരത്തിൽ ഈ രംഗത്തെ കൈകാര്യം ചെയ്യേണ്ടതുണ്ട് എന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. നാസിക്കിലാണ് സ്റ്റാമ്പ് പേപ്പറും ഇന്ത്യൻ കറൻസിയും അച്ചടിക്കുന്നത്. സ്റ്റാമ്പ് പേപ്പർ അച്ചടിക്കുമ്പോൾ മാത്രം കലർപ്പ് വരുന്നു. ആ പേപ്പർ വ്യത്യസ്തമായ രീതിയിൽ അച്ചടിക്കാൻ പാടില്ല അഴിമതി നടക്കുമെന്ന് പറയുമ്പോൾ, നമ്മുടെ രാജ്യത്ത് നോട്ട് അടിക്കുന്നതിൽ എത്ര ഭയങ്കരമായ പ്രശ്നങ്ങളാണ് നടക്കുന്നത്. സർക്കാരിന്റെ നാസിക് പ്രസ്സിൽ അടി

ക്കുന്നതിനേക്കാൾ മനോഹരമായ, അതിനേക്കാൾ ഒറിജിനലായ നോട്ട് ഇവിടെ കളളനോട്ടായി പ്രചരിക്കുന്നുണ്ട്. സ്റ്റാമ്പ് പേപ്പറിന് മാത്രം പറയേ ണ്ടതില്ല. കേരളത്തിൽ കഴിഞ്ഞ കുറേ നാളുകളായി രാജ്യമൊട്ടാകെ ഒരു പാട് കുംഭകോണങ്ങൾ നടക്കുമ്പോഴും ഇവിടെ ഒരേയൊരു അനുഭവ മാണ് ചൂണ്ടിക്കാണിക്കപ്പെട്ടത്. പത്രങ്ങളിൽ വന്നത് തിരുവനന്തപുരത്ത് നടന്ന ഒരു ഇടപാടാണ്. മുദ്രപ്പത്രം സ്കാൻ ചെയ്ത് എടുത്തതാണ്. അതു കൊണ്ട് ഈ രംഗത്ത് കൈകാര്യം ചെയ്യുമ്പോൾ കുറേക്കൂടി വ്യക്തത യോടെ, ഉറച്ച സമീപനത്തോടെ ഈ രംഗത്ത് പണിയെടുക്കുന്ന ആളുക ളുടെ താൽപ്പര്യങ്ങളെ സംരക്ഷിച്ചുകൊണ്ട് അവർക്ക് ഈ തൊഴിൽ നഷ്ടപ്പെടാത്ത വിധം അവരുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടാകണമെന്ന അഭിപ്രായമാണ് എനിക്ക് ഇതു സംബന്ധിച്ച് പറയാ നുളളത്. ഇന്ന് സ്റ്റാമ്പ് പേപ്പറിനായി ചെന്നാൽ പല സന്ദർഭത്തിലും സ്റ്റാമ്പ് പേപ്പർ കിട്ടാത്തൊരു അവസ്ഥയുണ്ട്. സർട്ടിഫിക്കറ്റുകൾക്കും കരാറു കൾക്കും സ്റ്റാമ്പ് പേപ്പർ വേണം. എന്നാൽ ചെറിയ ഇനം സ്റ്റാമ്പ് പേപ്പർ ഇപ്പോൾ കിട്ടാനില്ല. ആ കാര്യത്തിൽ വളരെ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അതുകൊണ്ട് തന്നെ സർക്കാരിന് കിട്ടേണ്ട ധാരാളം വരുമാനം നഷ്ടപ്പെ ടുകയാണ്. കരാറുകളുടെ സർട്ടിഫിക്കറ്റ് നൽകാനുളള സ്റ്റാമ്പ് പേപ്പർ കിട്ടാത്തതിനാൽ ഗവൺമെന്റിന് കിട്ടുന്ന വരുമാനം നഷ്ടപ്പെടുന്നുവെന്ന് മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് ആളുകൾ വല്ലാതെ ബുദ്ധിമുട്ടുന്നൊരു സ്ഥിതിയും ഇന്ന് നിലവിലുണ്ട്. ഇതിൽ ആനുകൂല്യം പറയുന്നതിൽ

പെൻഷൻ ആയിരം രൂപയാണ് ചൂണ്ടിക്കാണിച്ചത്. ഇന്ന് കയർ, കർഷക ത്തൊഴിലാളി പെൻഷൻ മറ്റിനം പെൻഷനുകളെല്ലം ആയിരം രൂപ വേണ മെന്ന് ആവശ്യപ്പെടാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. ആയിരം രൂപയ്ക്ക് എന്ത് കിട്ടുമെന്ന് നമ്മൾ ആലോചിച്ചാൽ ഒരു ഗ്യാസ് സിലിണ്ടർ കിട്ടും. വളരെ സാങ്കേതികമായ പരിജ്ഞാനമുള്ളവർ ജോലി ചെയ്യുന്ന ഈ രംഗത്ത് ഇത്ര പരിമിതമായ തുകയാണ് പെൻഷനായി ക്ഷേമനിധി നൽകുന്നത്. അത് വളരെ പരിമിതവും അപര്യാപ്തവുമായ തുകയായതിനാൽ അതിന്മേൽ വ്യത്യസ്ഥമായൊരു സമീപനമുണ്ടാക ണം. ആ തുക വർദ്ധിപ്പിച്ചു നൽകണം. അതോടൊപ്പം തന്നെ ചികിത്സാധനസഹായം 50,000 രൂപയാണ്. അതും ഇന്നത്തെ സാഹര്യ ത്തിൽ വളരെ പരിമിതമായ തുകയാണ്. അതിലും വർദ്ധനവുണ്ടാകേണ്ട തുണ്ട്. ആ ചികിത്സ നൽകുന്നത് തന്നെ ചില പ്രത്യേക ആശുപത്രികളിൽ മാത്രം. കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം ഇത്തരം ആളുകൾക്ക് അഭയം പ്രാപിക്കാനും അവിടെ ചികിത്സ ലഭ്യമാക്കാനും കഴിയുംവിധം ഗൗരവതരമായൊരു മാറ്റം ഉണ്ടാകേണ്ടതുണ്ട്. ഓൺലൈൻ സമ്പ്രദായം നടപ്പിൽവരുമ്പോൾ പകർപ്പെഴുത്തുകാരുടെയും വെണ്ടർമാ രുടെയും സ്ഥിതി എന്താകും? ആധാരമെഴുത്തിലേയ്ക്ക് ഒരുപാട് വെല്ലുവി ളികൾ കടന്നുവരുന്നു. വക്കീലന്മാരുടെ എണ്ണം സമൂഹത്തിൽ കൂടിയിട്ടു ണ്ട്. അവർക്ക് ന്യായമായി കിട്ടേണ്ട കേസുകളുടെ എണ്ണം പരിമിതപ്പെട്ടു. അവർ അന്വേഷിക്കുന്ന നിരവധി രംഗങ്ങളിലെ ഒരു രംഗമായി ആധാരമെ

ഴുത്തുകാരുടെ രംഗവും മാറുകയാണ്. അപ്പോൾ നിലവിൽ ഈ മേഖല യിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ആളുകൾക്ക് കടുത്ത വെല്ലുവിളി ഉയർത്തികൊണ്ട് മറ്റ് ആളുകളും ഈ രംഗത്തേയ്ക്ക് കടന്നുവരുന്നു. അങ്ങനെയൊരു ആശങ്കയാണ് പൊതുവിൽ തോന്നുന്നത്. ഏതായാലും വളരെ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഈ രംഗത്തെ ആളു കൾക്ക്, ആശങ്കകൾ എല്ലാം വലിയ പെരുമഴ തീർക്കുന്ന ഈ സന്ദർഭ ത്തിൽ, ആശങ്കകൾ എല്ലാം ദൂരീകരിക്കാൻ കഴിയുംവിധം ഈ ബിൽ കുറേക്കൂടി സമഗ്രമാകേണ്ടതുണ്ട്. ഇവിടെ പ്രായപരിധി ഏർപ്പെടുത്തു ന്നതും പ്രായോഗികമല്ല. കേരളത്തിൽ ശരാശരി മലയാളികൾ 74–77 വയസ്സ് വരെ ജീവിക്കുന്നൂവെന്നുള്ളത് സംസ്ഥാന ഗവൺമെന്റുതന്നെ വലിയ ഭീഷണിയായിട്ടാണ് കാണുന്നത്. അവരുടെ പെൻഷന്റെ പ്രശ്നം, അവർക്ക് ശമ്പളം കൊടുക്കേണ്ടതിനേക്കാൾ അധികമാകുന്നില്ലേ എന്ന ആശങ്കയോടെയാണ് സംസ്ഥാന ഗവൺമെന്റ് ഭരിക്കുന്നത്. അതുകൊണ്ട് പെൻഷൻ സമ്പ്രദായത്തിൽതന്നെ മാറ്റം വരുത്തുകയാണ്. കോൺട്രിബ്യൂ ട്ടറി പെൻഷൻ തന്നെ സ്വീകരിക്കാൻ നിർബന്ധിതരാകുന്നതിനെക്കുറിച്ച് മുഖ്യമന്ത്രി ഇന്നലെ വിശദീകരിച്ച് കേട്ടപ്പോൾ പ്രായമായവർ ജീവിച്ചിരി ക്കുന്നത് തന്നെ ഒരു ശാപമാണ് എന്ന കണക്കിലാണ് കാണുന്നത്. അതു കൊണ്ട് അത്തരമൊരു സന്ദർഭത്തിൽ ഈ ക്ഷേമപ്രവർത്തനരംഗം കുറെ ക്കൂടി ഫലപ്രദമാക്കാനും തൊഴിലാളി ജീവനക്കാർക്ക് കാര്യക്ഷമമായി ഈ സേവനം അനുഷ്ഠിക്കാനും കഴിയുന്ന രംഗമാക്കി മാറ്റണം. അതിന്

ആവശ്യമായ സമഗ്രമായ രൂപത്തിൽ ഈ ബിൽ കൊണ്ടുവരണമെന്നാണ് ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: Very Good. വളരെ പരിമിതമായ സമയം കൊണ്ട് ബില്ലിന്റെ ഉള്ളിൽ നിന്ന് മാത്രം സംസാരിച്ചതിന് അദ്ദേഹത്തിന് പ്രത്യേകമായ അഭിനന്ദനം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട കെ. രാജു ബിൽ പൊതുജനാഭിപ്രായമാരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. രാജു: സർ, 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2012 സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ രംഗത്ത് പണിയെടുക്കുന്ന ആളുകളെ സംബന്ധിച്ചുള്ള നമ്പറിന്റെ കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകേണ്ടതുണ്ട്. ആധാരങ്ങൾ തയ്യാറാക്കുന്നത്, ഡോക്യുമെന്റ് ഡ്രാഫ്റ്റ് ചെയ്യുന്ന ആളുകൾ, അവർ തന്നെ കേരളത്തിൽ ഏതാണ്ട് 28,000ത്തോളം വരും. അതുപോലെ ഇത് പകർത്തിയെഴുതുന്ന കൈപ്പടക്കാർ 38,000 ത്തോളം ആളുകൾവരും. സ്റ്റാമ്പ് വെണ്ടർമാരുടെ കണക്ക് സർക്കാരിന്റെ കയ്യിൽ ഉണ്ടാകും. 12,000 ത്തോളം സ്റ്റാമ്പ് വെണ്ടർമാർ ഉണ്ട്. അത് ഏതാണ്ട് 75,000 -ൽ അധികം വരുന്ന ആളുകളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഒരു പ്രധാനപ്പെട്ട ക്ഷേമപദ്ധതിയെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഈ നിയമത്തിൽ സർക്കാർ കണക്കുക്കൂട്ടിയിരിക്കുന്നത് പിശകാണ്. മാസവരി സംഖ്യ ഇനത്തിൽ 100 രൂപ വീതം 7000 അംഗങ്ങളിൽ നിന്ന് 84 ലക്ഷം

രൂപ ഒരു വർഷം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 7000 അംഗങ്ങളിൽ നിന്നും മാത്രം പിരിവ് അവരുടെ വിഹിതമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അത് ഏത് കണക്കാണ്, എങ്ങനെയുള്ള കണക്കാണ് എന്ന് മനസ്സിലാകുന്നില്ല. നിലവിൽ ഇപ്പോൾ ക്ഷേമനിധിയിൽ ചേർന്ന ആളുകളുടെ കണക്കാണോ, അതോ ഞാൻ ഈ പറഞ്ഞ വെണ്ടേഴ്സ്, സ്ക്രൈബ്സ്, ഡോക്യുമെന്റ് റൈറ്റേഴ്സ് ഇവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടാണോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു വ്യക്തതയും ഇല്ല. ആ പറയുന്ന കണക്ക് തെറ്റാണ്. അങ്ങനെയൊരു കണക്കാണ് അംഗീകരിക്കുന്നതെങ്കിൽ 7000 പേർക്ക് വേണ്ടി ഒരു ക്ഷേമനിധിയോ? അതുതന്നെ ഒരു പ്രധാനപ്പെട്ട ചോദ്യമായി വരും. അതോ 10,000 പേർ അടങ്ങുന്ന ഒരു വിഭാഗത്തിന് വേണ്ടി പ്രത്യേകമായ ക്ഷേമനിധി, അതാണോ ഗവൺമെന്റിന്റെ കാഴ്ചപ്പാട്? അതല്ല കാഴ്ചപ്പാട്. ഗവൺമെന്റിന്റെ കാഴ്പ്പാട് അത്തരമുള്ള അംഗസംഖ്യ കുറവുള്ള പണിയെടുക്കുന്ന വിഭാഗങ്ങൾ എല്ലാംകൂടി ചേർത്ത് കൊണ്ട് സമാനമായ സംഗതികളെല്ലാം വരുന്ന മേഖലയിലും പണിയെടുക്കുന്നവർക്കെല്ലാപേർക്കും കൂടി ചേർത്തുകൊണ്ടുള്ള ഒരു ക്ഷേമനിധിയെ സംബന്ധിച്ചാണ് കേട്ടത്. അതല്ലാതെ 7000 അംഗങ്ങൾ മാത്രമുള്ള ഒരു വിഭാഗത്തിനും വേണ്ടി ക്ഷേമനിധിയോ? ആ കണക്കുകൂട്ടലുകൾ പിശകാണ്. ഏതാണ്ട് 1 ലക്ഷത്തോളം വരുന്ന ആളുകൾ അംഗങ്ങളായി വരാൻ ഇടയുള്ള ഒരു ക്ഷേമനിധിയാണിത്. ആ ക്ഷേമനിധി വളരെ പ്രധാനപ്പെട്ടതാണ്. ആധാരമെഴുത്ത് എന്ന് പറയുന്നത് എല്ലാത്തിലും ഒരു

ആധാരം വേണം. രാജാക്കന്മാരുടെ ഭരണക്കാലത്ത് തന്നെ തുടങ്ങിയ സ്ഥാവരജംഗമവസ്തുക്കൾ കൈമാറ്റവുമായി ബന്ധപ്പെട്ടുകൊണ്ട് ആധാരം എഴുതുക എന്നുള്ളത്, അതൊരു പ്രത്യേക കലയാണ്. പഴയ കാലത്തുള്ള ആധാരങ്ങളിൽ ഇപ്പോഴും പലതും എടുത്തുവായിച്ചുനോക്കി യാൽ ഒരു പേജിന്റെ തുടക്കം മുതൽ അവസാനം വരെ ഒരു സെന്റൻസ് തീരണമെങ്കിൽ എല്ലാ സെന്റൻസും കോർത്ത് ഇണക്കി അപ്പൻ, അപ്പൂപ്പ ന്മാരുടെ ചരിത്രവും സർവ്വേനമ്പരുമെല്ലാം രേഖപ്പെടുത്തി വായിച്ചുവരു ന്നത് തന്നെ ഒരു കലയല്ലേ. നല്ല വിവരമുള്ളവർക്ക് മാത്രമേ ഇത് ചെയ്യാൻ കഴിയുകയുള്ളു. വസ്തുവിനെ സംബന്ധിച്ച് നല്ല ധാരണ, അതിന്റെ ഉടമ സ്ഥാവകാശത്തെ സംബന്ധിച്ചുള്ള ധാരണ, നല്ല ഭാഷ ഇതെല്ലാം പിന്നീട് രജിസ്റ്റർ ചെയ്യപ്പെട്ടുകഴിഞ്ഞാൽ പിന്നീട് കോടതിയിലെല്ലാം പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്നതല്ലേ. അങ്ങനെ ചോദ്യം ചെയ്യപ്പെടുമ്പോൾ ആ ആധാരമെഴുത്തിന്റെ പ്രത്യേകതകൾ കൊണ്ടുതന്നെ ഒരു കോടതിക്ക് പോലും അല്ലെങ്കിൽ ഒരു വക്കീലിന് പോലും ഒരു കുറ്റവും കണ്ടുപിടി ക്കാൻ കഴിയാത്ത രീതിയിൽ ഒന്നാന്തരമായി ആധാരമെഴുതാൻ പഴയ ആളുകൾക്ക് കഴിയുന്നുണ്ട്. അതുകൊണ്ട് ആ പഴയ ആധാരമെഴുത്തിന്റെ രീതിതന്നെ ഇപ്പോഴും തുടരണമോ എന്നുള്ളതിനെ സംബന്ധിച്ച് അല്ല ഞാൻ പറയുന്നത്. വളരെ ചെറിയ സെന്റൻസുകളാക്കി കൊണ്ട് എല്ലാ പേർക്കും മനസ്സിലാകുന്ന രീതിയിൽ, പുതിയ തലമുറയിൽപ്പെട്ട ആളു കൾക്ക് കൂടി കാര്യങ്ങൾ മനസ്സിലാകുന്ന രീതിയിൽ അതിന്റെ ശൈലി

യിലെല്ലാം മാറ്റം വരുത്തണം. നമ്മൾ ഇപ്പോൾ ആലോചിക്കുന്നത് അതിന് പകരം ടെക്നോളജി വളർന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷനെ സംബന്ധിച്ച് ആലോചിക്കുകയാണ്. അക്ഷയ കേന്ദ്രങ്ങൾ മതി. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി വരുന്ന ഒരു പ്രത്യേക പദ്ധതിയനുസരിച്ച് നമ്മുടെ രാജ്യത്തൊട്ടാകെതന്നെ കമ്പ്യൂട്ടറൈസേഷൻ അക്ഷയ കേന്ദ്രങ്ങളിലൂടെ അവിടെ ഇരുന്നുകൊണ്ട് അല്ലെങ്കിൽ വീട്ടിൽ ഇരുന്നുകൊണ്ട് സർവ്വേ നമ്പർ മാത്രം അക്ഷയ കേന്ദ്രത്തിൽ കൊണ്ടുകൊടുത്തൊരു പടവും അവിടെ ഏൽപ്പിച്ചുകഴിഞ്ഞാൽ ആധാരം രജിസ്റ്റർ ചെയ്യാവുന്ന സ്ഥിതിയിലേയ്ക്ക് വരുന്നു. ഇത് വളരെ ആശങ്കാജനകമായ ഒരു സംഗതിയാണ്. ആധാരമെഴുത്തുകാരെയും വെണ്ടേഴ്സിനെയും സംബന്ധിച്ച് ഇത് വളരെ ആശങ്കയാണ്. കാരണം അവരുടെ തൊഴിൽ ഉന്മൂലനം ചെയ്യപ്പെടുകയാണ്. ഇങ്ങനെയൊരു ആധാരമെഴുത്തുഗ്രൂപ്പ് അങ്ങനെയുള്ള ആളുകൾ തന്നെ വേണ്ടാത്ത ഒരു സ്ഥിതി വരും. അതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം അവരുടെ മുമ്പിലുള്ളത്. ഏതാണ്ട് ഒരു ലക്ഷത്തോളം കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വിഷയം അതാണെന്ന് നമ്മൾ കാണണം. അതുകൊണ്ട് ഗവൺമെന്റ് ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച് ആലോചിക്കുമ്പോൾ ബിൽ വേണ്ടന്നല്ല, ബിൽ വേണം. ഏറ്റവും മെച്ചപ്പെട്ട വ്യവസ്ഥകൾ അടങ്ങുന്ന ഒരു ക്ഷേമനിധിയായിരിക്കണം. അതോടൊപ്പം തന്നെ ഈ ഭീഷണി അവരുടെ മുന്നിലുണ്ട്. ആധാരമെഴുത്തുകാരുടെ തൊഴിൽ പാടെ നഷ്ടപ്പെടാൻ പോകുന്നു. പരിപൂർണ്ണമായി അവരെ

ഒഴിവാക്കപ്പെടാൻ പോകുന്നു. അതിനൊരു പരിഹാരമെന്താണ് ഗവൺമെന്റ് നിർദ്ദേശിക്കുന്നത്. ഈ ബില്ലിന്റെ ഭാഗമായിട്ടല്ലെങ്കിലും ഗവൺമെന്റിന് അതിനെ സംബന്ധിച്ച് ഒരു കാഴ്ചപ്പാട് വേണ്ടതല്ലേ?

ശ്രീ. ഇ. കെ. വിജയൻ: കമ്പ്യൂട്ടർവത്ക്കരണത്തെക്കുറിച്ച് പറയുമ്പോൾ, നമ്മുടെ സംസ്ഥാനത്ത് പല രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ വർക്ക് ചെയ്യുന്നില്ല. റീസർവ്വേ നടന്ന് പിശകുകൾ വന്നതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ ആഫീസുകളിൽ ദിവസേന ക്യൂ നിന്ന് കമ്പ്യൂട്ടർ വർക്ക് ചെയ്യുന്നില്ല എന്നുള്ള പരാതിയാണിപ്പോഴുള്ളത്. അതിന്റെ ഒരു ബുദ്ധിമുട്ട് ജനങ്ങൾ വ്യാപകമായി അനുഭവിക്കുന്ന പ്രശ്നം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജു : ഇപ്പോൾ നിലവിൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട ഓഫീസുകളിൽ മതിയായ സ്റ്റാഫുകളില്ല; കമ്പ്യൂട്ടറുകൾ കൊടുത്തിട്ടുണ്ട്, കമ്പ്യൂട്ടർവൽക്കരണം നടന്നുവരുന്നു; പക്ഷേ ആ സിസ്റ്റമെല്ലാം തകരാറിലാണ്. പ്രമാണം ചെയ്യാനാഗ്രഹിച്ചുവരുന്ന പാവപ്പെട്ട ആളുകൾക്ക് അതിന്റേതായ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഗവൺമെന്റ് സത്വരമായി ശ്രദ്ധിക്കണം. കേരളം മൊത്തത്തിൽ പരിശോധിച്ചാൽ മനസ്സിലാകും സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളത് വളരെ കുറവാണെന്ന്. എന്റെ മണ്ഡലത്തിൽ മൂന്ന് സബ് രജിസ്ട്രാർ ഓഫീസുക ളുള്ളതിൽ രണ്ടെണ്ണം

വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മതിയായ സ്ഥലസൗകര്യങ്ങളൊന്നുമില്ല. എന്നാൽ ദൈനംദിനം എത്രയോ ആളുകളാണ് വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകളിൽ കയറിയിറങ്ങുന്നത്. അവർക്കാവശ്യമുള്ള സൗകര്യം ഏതെങ്കിലും സബ് രജിസ്ട്രാർ ഓഫീസുകളിലുണ്ടോ? ഇല്ല. പകരം ഈ വെണ്ടറുടെ ആഫീസിലോ ആധാരമെഴുത്താഫീസിലോ ആണ് പോയി ഇരിക്കുന്നത്. മൂന്ന് മണി യാകുമ്പോൾ ആധാരം എഴുതി ഡോക്യുമെന്റെല്ലാം തയ്യാറാക്കി കക്ഷികൾ സഹിതം ആഫീസിൽ ചെന്നാൽ ആ ഓഫീസിലിരിക്കാൻ സ്ഥലമുണ്ടോ; അവിടെ മറ്റ് സംവിധാനങ്ങളുണ്ടോ; ഒന്നുമില്ല. ഈ സൗകര്യങ്ങളെല്ലാം മുതലെടുത്തുകൊണ്ടാണ് വമ്പിച്ച അഴിമതി ഈ സബ് രജിസ്ട്രാർ ഓഫീസു കളിൽ നടക്കുന്നത്. അവിടെ ഏജന്റുമാരും വെണ്ടർമാരും കൈക്കൂലി വാങ്ങുന്നുണ്ട്. ഇത്ര സലയുള്ള ഒരു ആധാരം രജിസ്റ്റർ ചെയ്യുന്നതിന് പ്യൂൺ മുതൽ സബ്‌രജിസ്ട്രാർ വരെ അല്ലെങ്കിൽ അതിന് മുകളിലോട്ടുള്ള ഉദ്യോഗസ്ഥൻവരെ ഇത്ര രൂപയാണെന്ന് ലിസ്റ്റ് ചെയ്ത് (ലിസ്റ്റ് കക്ഷിക്ക് കൊടുക്കുന്നില്ലന്നേയുള്ളൂ) പണം വാങ്ങിയാണ് രജിസ്റ്റർ ചെയ്തു കൊടുക്കുന്നത്. സ്റ്റാമ്പ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാ നുദ്ദേശിക്കുന്നുവെന്ന് പറയുന്നത് നല്ല കാര്യമാണ്. അത് നടപ്പിലാക്കു മ്പോൾ പിന്നെ വെണ്ടർമാരുടെ ആവശ്യമില്ല. ഇന്ന് വെണ്ടർമാർ സർക്കാർ സോൾവൻസിയും സെക്യൂരിറ്റിയും വച്ച് മുൻകൂട്ടി പണമടച്ച് മുദ്രപ്പത്രം

വാങ്ങിക്കൊണ്ടുപോയാണ് അവിടെ വിതരണം ചെയ്യുന്നത്. ഇതുവരുമ്പോൾ പിന്നെ വെണ്ടർമാരുടെ ആവശ്യം വരുന്നില്ല. പതിനായിരക്കണക്കിന് വരുന്ന വെണ്ടർമാരും അവരുടെ കുടുംബവും നിരാധാരമാവുകയല്ലേ. ഒരു ഭാഗത്ത് മെക്കനൈസേഷൻ വഴിയുള്ള ഗുണമുണ്ടാകുമ്പോൾ അതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ സംവിധാനത്തെ സംബന്ധിച്ച് ആലോചിക്കണം. അതും വളരെ പരമപ്രധാനമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ : 2010-ലുള്ള ഒരു സ്റ്റാമ്പ് പേപ്പർ കിട്ടണമെന്നാവശ്യപ്പെട്ടാൽ ചില വെണ്ടർമാരിൽനിന്ന് കിട്ടുന്നുണ്ടെന്നൊരു സാഹചര്യം കേരളത്തിലുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജു : അങ്ങനെ ആവശ്യപ്പെടാൻപോലും പാടില്ല. പഴയ ഒരു തീയതി വച്ച് മുദ്രപ്പത്രം എഴുതി തരണമെന്നാവശ്യപ്പെടുന്നതു തന്നെ കുറ്റകരമാണ്. അങ്ങനെ ആവശ്യപ്പെട്ടാൽ എഴുതിക്കൊടുക്കുന്നത് അതിനേക്കാൾ വലിയ കുറ്റകരമാണ്. കാരണം കൃത്രിമം ചെയ്യാനാണല്ലോ പഴയ തീയതി വച്ച് ഒരാളുടെ പേരിൽ ഒരു മുദ്രപ്പത്രം എഴുതിത്തരണമെന്ന് ആവശ്യപ്പെടുന്നതും അതിന്റെ അടിസ്ഥാനത്തിൽ ആധാരം എഴുത്തു കാരനും അല്ലെങ്കിൽ വെണ്ടറും എഴുതിക്കൊടുക്കുന്നത് നിയമവിരുദ്ധമാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ കള്ളപ്രമാണങ്ങളുണ്ടാക്കുന്നതിനു വേണ്ടിയാണ്

ഇതൊക്കെ ചെയ്യുന്നത്. കളള പ്രമാണങ്ങളുണ്ടാക്കുന്നത് സംബന്ധിച്ച് എന്തെല്ലാമാണ് ഈ നാട്ടിൽ നടക്കുന്നത്? ആൾമാറാട്ടം നടന്നുകൊണ്ടിരുന്നില്ലേ? ഇപ്പോൾ ഫോട്ടോ കൂടി വേണം. എങ്കിലും പരിപൂർണ്ണമായി ആ രംഗത്തെ മോചിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇ സ്റ്റാമ്പിംഗ് നടപ്പിലാക്കുമ്പോൾ ജോലി നഷ്ടപ്പെടുന്ന വെണ്ടർമാരെ പുനരധിവസിപ്പി ക്കുന്നതിനാവശ്യമായ സംവിധാനത്തെക്കുറിച്ച് കൂടി ആലോചിക്കണ മെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഏതായാലും നമ്മുടെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് നവീകരിക്കണം; സബ് രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യത്തിനുള്ള സ്റ്റാഫുകളെ നിയമിക്കുന്നതിനാ വശ്യമായ നടപടി സ്വീകരിക്കണം; നല്ല സൗകര്യങ്ങളുണ്ടാക്കണം; അതോടൊപ്പം തന്നെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി മോഡേൺ ടെക്നോളജിയെല്ലാം ഉപയോഗിച്ചുള്ള സംവിധാനങ്ങളുമെല്ലാം ഉണ്ടാകണം; അങ്ങനെയുണ്ടാകുമ്പോൾപ്പോലും ഇവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനാ വശ്യമായ സംവിധാനങ്ങൾ കൂടി നടപ്പാക്കണമെന്ന് ഈ അവസരത്തിൽ അഭിപ്രായപ്പെടുകയാണ്. നമ്മുടെ ബില്ലിൽ പറയുന്നതനുസരിച്ചാണെങ്കിൽ 1000 രൂപയാണ് പെൻഷനായി നൽകുന്നത്. ഈ മേഖലയിൽ 25 വർഷക്കാലം സേവനം നടത്തുന്ന വിദ്യാസമ്പന്നരായിട്ടുള്ള ഒരാൾക്ക് 65 വയസ്സിന് ശേഷം റിട്ടയർ ചെയ്താൽ 1000 രൂപ കിട്ടുമെന്നാണ് പറയുന്നത്. ഈ തുക വളരെ

അപര്യാപ്തമാണ്. ഏറ്റവും കുറഞ്ഞത് 2500 രൂപയെങ്കിലും പെൻഷൻ നൽകാൻ സാധിക്കണം. ഈ ബില്ലനുസരിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്ന അംശദായം എന്നുപറയുന്നത് ഒരു വർഷം അംഗങ്ങളുടെ ഭാഗത്തുനിന്ന് ലഭിക്കുന്ന അംശദായത്തിന്റെ 10% ആണ്. അത് വളരെ കുറവാണ്. സാധാരണഗതിയിൽ പല ക്ഷേമനിധിയിലും അംഗങ്ങൾ അടയ്ക്കുന്ന വിഹിതത്തിന് തുല്യമായ തുകയാണ് ക്ഷേമനിധിക്ക് സർക്കാരിന്റെ വിഹിതമായി അടയ്ക്കുന്നത്. അതിനാണ് വ്യവസ്ഥയുള്ളത്. എന്നാൽ ഈ ബില്ലിൽ പറയുന്നത് 10% അതായത് 100 രൂപ ആധാരമെഴുത്തുകാരനായ ഒരാൾ അടയ്ക്കുന്നുണ്ടെങ്കിൽ 10 രൂപ സർക്കാർ അയാളുടെ അക്കൗണ്ടിലേയ്ക്ക് കോൺട്രിബ്യൂട്ട് ചെയ്യുമെന്നാണ്. അത് തീരെ അപര്യാപ്തമാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എത്രമാത്രം അംശാദായം ഒരു വർഷം പിരിഞ്ഞ് കിട്ടുന്നുവോ അതിന്റെ അത്രയും തന്നെ തുക സർക്കാരും കൂടി കൊടുക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമേ ഈ ക്ഷേമനിധി ഫലപ്രദമായി നടപ്പിലാക്കാൻ കഴിയൂ. നല്ല വ്യവസ്ഥകളടങ്ങുന്ന ഒരു ക്ഷേമനിധി ബില്ലാണിത്. അത് ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ സാമ്പത്തിക ഭദ്രത വേണം. അല്ലെങ്കിൽ കർഷക തൊഴിലാളി ക്ഷേമനിധിക്ക് പറ്റിയതു പോലെയാകും. കേരളത്തിലെ പല ക്ഷേമനിധികൾക്കും പ്രവർത്തിക്കുന്നതിന് ആവശ്യമായ ഫണ്ടില്ല. ഈ ഗവൺമെന്റ് വന്നതിനു ശേഷം

ക്ഷേമ പെൻഷനുകളും മറ്റും നൽകുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്ന സമിതികളെ സഹായിക്കുന്നതിനുവേണ്ടി ഒരു പൈസയും ചെലവഴിക്കുന്നില്ല. കർഷക തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നിരവധി മാസങ്ങളിലെ കുടിശ്ശികയുണ്ട്. മാത്രമല്ല ഇപ്പോൾ കിട്ടിയിട്ടുള്ള ആനുകൂല്യങ്ങളെല്ലാം കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് കൊടുത്ത് തീർക്കണമെങ്കിൽ 107 കോടി രൂപ വേണം. ആധികാരികമായ കണക്കാണിത്. വെറുതെയൊരു ഓട്ട കണക്കല്ല. 107 കോടി രൂപയുണ്ടെങ്കിൽ മാത്രമേ ഇപ്പോൾ ലഭിച്ച അപേക്ഷകളനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിയൂ. അതിൽ പ്രസവാനുകൂല്യം, പെൺമക്കളെ വിവാഹം ചെയ്യിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം ഇവയെല്ലാമുണ്ട്. 107 കോടി രൂപയുണ്ടെങ്കിൽ മാത്രമേ കർഷക തൊഴിലാളികളുടെ നിലവിലുള്ള പെന്റിംഗ് കൊടുക്കുവാൻ സാധിക്കുക യുള്ളൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കർഷക തൊഴിലാളി ക്ഷേമനിധിയിലുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ബുദ്ധിമുട്ടാണ്; അതുകൊണ്ട് ധനസഹായം വേണമെന്നുപറഞ്ഞ് സർക്കാരിനെ സമീപിച്ചപ്പോൾ ഒരുമിച്ച് ഒറ്റത്തവണയായി 114 കോടി രൂപയാണ് ഗവൺമെന്റ് അനുവദിച്ച് നൽകിയത്. അതുവരെയുണ്ടായിരുന്ന മുഴുവൻ കുടിശ്ശികയും തീർത്തു. എന്റെ ഇടതുവശത്തിരിക്കുന്നയാൾ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചെയർമാനായിരുന്നു.

അദ്ദേഹമാണ് കൃത്യമായി കണക്ക് പറഞ്ഞുതന്നത്. ആ 114 കോടി രൂപ ഉപയോഗിച്ചുകൊണ്ട് യു.ഡി. എഫിന്റെ ഭരണകാലത്തുപോലും ബാലൻസ് കിടന്ന കുടിശ്ശികയെല്ലാം കൊടുത്തുതീർത്ത് ക്ഷേമനിധിയെ കാര്യക്ഷമ മാക്കി. ബഹുമാനപ്പെട്ട മന്ത്രി അനൂപ് ജേക്കബാണ് ഇത് പൈലറ്റ് ചെയ്യുന്നതെങ്കിലും അദ്ദേഹമിത് അറിഞ്ഞിരിക്കണം. മറ്റ് ക്ഷേമനിധി കളെയെല്ലാം ഇതുപോലെ കൊല്ലാൻ വേണ്ടിയുള്ള ഒരു ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. പാവപ്പെട്ട ജനവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഈ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമവും അങ്ങയുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നില്ല. ഈ ക്ഷേമനിധിക്ക് ഒരു ബോർഡുണ്ട്. നികുതിവകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായിരിക്കും ആ ബോർഡിന്റെ ചെയർമാൻ. നികുതിവകുപ്പിന്റെ സെക്രട്ടറി ക്ഷേമനിധിബോർഡിന്റെ ചെയർമാനായാൽ എന്തെങ്കിലും കാര്യങ്ങൾ നടക്കുമോ? എത്ര പ്രഗൽഭനായാൽപ്പോലും അദ്ദേഹത്തിന് സമയം കാണുമോ? നികുതി വകുപ്പിന്റെ സെക്രട്ടറിക്ക് പാവപ്പെട്ട ജനവിഭാഗത്തിന്റെ ക്ഷേമനിധി ബോർഡിന്റെ ചെയർമാനായി ഇരുന്നു കൊണ്ട് മൂന്ന് മാസത്തിലൊരിക്കൽ യോഗം വിളിച്ചുകൂട്ടി ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകി കാര്യങ്ങൾ നടത്താൻ കഴിയുമോ? ഈ ക്ഷേമ നിധി ബോർഡിന്റെ ചെയർമാനായി ഉദ്യോഗസ്ഥൻ തന്നെ വേണമെന്നു ണ്ടെങ്കിൽ തൊഴിൽ വകുപ്പ് സെക്രട്ടറിയെയോ തൊഴിൽ വകുപ്പിലെ

ഉയർന്ന ഉദ്യോഗസ്ഥരെയോ നിയമിച്ചുകൂടെ. നിയമങ്ങൾ അറിയാവുന്ന, കാര്യങ്ങൾ നന്നായി കൈകാര്യം ചെയ്യാനറിയാവുന്ന അഴിമതിരഹിതനായ ഒരു പൊതു പ്രവർത്തകനെ നിയമിക്കുന്നതിൽ കുഴപ്പമില്ല. ഈ ക്ഷേമ നിധി ബോർഡിന്റെ ചെയർമാൻ നികുതി വകുപ്പിന്റെ സെക്രട്ടറിയായാൽ എന്തെങ്കിലും കാര്യം നടക്കുമോ? ഗവൺമെന്റ് തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ധനകാര്യവകുപ്പ് സെക്രട്ടറിയുടെയോ നികുതിവകുപ്പ് സെക്രട്ടറിയുടെയോ ഓഫീസിൽ ഫയൽ ചെന്നാൽ അത് ക്വറിയിട്ട് തിരിച്ചുവരുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതാണ് ഇപ്പോഴത്തെ സ്ഥിതി. ഇപ്പോൾ ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി-യിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിലെ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ എം.എൽ.എ മാരും എം.പി മാരും നിരവധി വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഒരു പ്രവർത്തനവും നടത്താൻ അനുവദിക്കുന്നില്ല. കാരണം കെ.എസ്.ആർ.ടി.സി ഒരു ബിസിനസ് സ്ഥാപനമാണെന്നാണ് ഈ ഗവൺമെന്റിന്റെ കണ്ടുപിടിത്തം. അതിനുമുമ്പ് ഞാനുൾപ്പെടെ എം.എൽ.എ ഫണ്ട് കെ.എസ്.ആർ.ടി.സി യുടെ വികസനത്തിനായി നൽകിയിട്ടുണ്ട്. ഭരണപക്ഷത്തിരിക്കുന്ന പഴയ എം.എൽ.എ.മാരെല്ലാം കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ വികസനത്തിനായി എം.എൽ.എ. ഫണ്ട് നൽകിയവരല്ലേ. ഇപ്പോഴുണ്ടായ തടസ്സം മാറ്റാനാവശ്യമായ തീരുമാനം ക്യാബിനറ്റിലെടുക്കാത്തത് എന്തുകൊണ്ടാണ്? കേരളത്തിൽ കെ.എ

സ്.ആർ.ടി.സി–യെ ഒരു ബിസിനസ് സ്ഥാപനമായാണോ ഇതുവരെ കണ്ടിരുന്നത്. നമ്മുടെ യാത്രാസൗകര്യത്തിന്റെ ഭാഗമായി വികലാംഗർക്കും വിദ്യാർത്ഥികൾക്കും കൺസഷൻ നൽകുകയും എം.എൽ.എ.മാർക്ക് സൗജന്യയാത്ര അനുവദിക്കുകയും ചെയ്യുന്നതുപോലെ നിരവധി സാമൂഹ്യ സേവന പ്രവർത്തനങ്ങൾ നടക്കുന്ന കെ.എസ്.ആർ.ടി.സി–യിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് ഒരു നിർമ്മാണം നടത്തുന്നതിന് അനുവാദം നൽകാത്ത സർക്കാരാണിത്. എ.ജി. യാണ് അങ്ങനെ പറയുന്നത് എന്നൊക്കെയാണ് പറയുന്നതെങ്കിലും ഗവൺമെന്റ് എക്സ്പ്ലനേഷൻ കൊടുത്ത് ബോധ്യപ്പെടുത്തിയാൽ അനുവാദം നൽകാൻ കഴിയില്ലേ? അതുപോലെ നികുതി വകുപ്പിന്റെ സെക്രട്ടറിയെ ഈ ക്ഷേമനിധി ബോർഡിന്റെ ചെയർമാനാക്കിയാൽ അതിനർത്ഥം മറ്റു പല ക്ഷേമനിധികളെയും പോലെ ഈ ക്ഷേമനിധിയെയും പ്രവർത്തിപ്പിക്കാതാക്കുകയാണ് ഉദ്ദേശമെന്നാണ്. അതുകൊണ്ട് ‘നികുതി വകുപ്പ് സെക്രട്ടറി’ എന്നത് മാറ്റി തൊഴിൽ വകുപ്പിന്റെ സെക്രട്ടറിയേയോ അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പിന്റെ പ്രധാന ഉദ്യോഗസ്ഥനെയോ ഈ ക്ഷേമനിധി ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നതിൽ തെറ്റില്ല. അല്ലെങ്കിൽ ശ്രീ. ഷാഫി പറമ്പിലിനെപ്പോലെ ഒരു രാഷ്ട്രീയ നേതാവിനെയോ അല്ലെങ്കിൽ എം.എൽ.എ. അല്ലാത്ത ഒരാളിനെയോ നിയമിക്കുന്ന കാര്യം ആലോചിക്കണം. അതുപോലെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന 3 പ്രതിനിധികളെ ഉൾപ്പെടുത്താമെന്ന് പറയുന്നുണ്ട്. അവർ ആരായിരിക്കണമെന്ന് വ്യ

ക്തമാക്കിയിട്ടില്ല. ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും പ്രതിനിധികളാണോ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന ഈ 3 പേർ. ഈ മൂന്ന് അനൗദ്യോഗികാംഗങ്ങളൊഴികെ ബാക്കി ഒരു ഡസൻ ആളുകളും സർക്കാർ ഉദ്യോഗസ്ഥൻമാരാണ്. ബഹുമാനപ്പെട്ട ചെറുപ്പക്കാരനായ മന്ത്രിക്ക് ആക്ഷേപമുണ്ടാക്കുന്ന തരത്തിലായിരിക്കും ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നടക്കാൻ പോകുന്നത്. അതുകൊണ്ട് ബിൽ പൊതുജനാഭിപ്രായം ആരാഞ്ഞ് കൂടുതൽ ചർച്ച ചെയ്തശേഷം ഭേദഗതി വരുത്തി അവതരിപ്പിക്കണം. അങ്ങനെ ആദ്യമായി ഇവർക്കുവേണ്ടി ഒരു ബിൽ കൊണ്ടുവന്ന ഖ്യാതി ബഹുമാനപ്പെട്ട ചെറുപ്പക്കാരനായ എന്റെ സുഹൃത്ത് ശ്രീ. അനൂപ് ജേക്കബിന് ലഭിക്കാനിടവരണം. ആ രീതിയിൽ സമീപനം സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

## 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

ശ്രീ. കെ.എൻ.എ. ഖാദർ: സർ, 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ദേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ക്ഷേമനിധി ബിൽ ആധാരമെഴുത്തുകാർക്കും പകർപ്പെഴുത്തുകാർക്കും സ്റ്റാമ്പ് വെണ്ടർമാർക്കും വളരെയേറെ പ്രയോജനകരവും പ്രധാനപ്പെട്ടതുമായ എനാക്ട്മെന്റാണെന്ന് പറയാൻ എനിക്ക് സന്തോഷമുണ്ട്. ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഗുണഭോക്താക്കൾക്ക് പ്രധാനമായും ഇതര ക്ഷേമനിധികളിലെപ്പോലെ പെൻഷനും വിവാഹത്തിനും വിദ്യാഭ്യാസത്തിനും വീട് നിർമ്മാണത്തിനുമൊക്കെയുള്ള ചില ആനുകൂല്യങ്ങളുമാണ് ലഭിക്കുന്നത്. കേരളത്തിൽ ഇന്ന് നിലവിലുള്ള മറ്റ് ക്ഷേനിധികൾക്ക് സമാനമായിട്ടുള്ള നിർദ്ദേശങ്ങൾ തന്നെയാണ് ഈ ബില്ലിലും വന്നിട്ടുള്ളത്. നേരത്തെ ഓർഡിനൻസ് വഴി നടപ്പിലാക്കിയ ഈ ബിൽ വീണ്ടുമൊരു നിയമമാക്കി മാറ്റാനുള്ള തീരുമാനം വളരെ അത്യന്താപേക്ഷിതമാണെന്ന കാര്യത്തിൽ സംശയമില്ല. ഈ ബില്ലിലെ ചില പ്രധാനപ്പെട്ട വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ആധാരമെഴുത്തുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇവിടെ എല്ലാവരും പറഞ്ഞ നിർദ്ദേശങ്ങളോട് ഞാൻ യോജിക്കുന്നു. ആധാരമെഴുത്തുകാ

രുടെ ബുദ്ധിമുട്ട് മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് രജിസ്ട്രേഷൻ ഓഫീസുകൾ വളരെ പഴയതും അസൗകര്യമുള്ളതുമാണ്. ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രമാണങ്ങൾ നഷ്ടപ്പെടാതെ വർഷങ്ങളോളം കാത്തു സൂക്ഷിക്കേണ്ട ഓഫീസ് ബ്രിട്ടീഷുകാരൻ പണിതതുപോലെ തന്നെ പല സ്ഥലത്തും നിലനിൽക്കുകയാണ്. ആ ഓഫീസുകൾ ചോർന്നൊലിക്കുന്നതിനെക്കുറിച്ചും അവിടെ ഇരിക്കാൻ സ്ഥലമി ല്ലാത്തതിനെക്കുറിച്ചുമൊക്കെ വിശദമായി ഇവിടെ പലരും പറഞ്ഞതു കൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇതിനുമുമ്പുണ്ടായിരുന്ന ഗവൺമെന്റുകൾ ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ബ്രിട്ടീഷുകാർ നിർമ്മിച്ച കെട്ടിടങ്ങളാണ് ഞങ്ങളുടെ പ്രദേശത്ത് ഇപ്പോഴും രജി സ്ട്രേഷൻ ഓഫീസുകളായി നിലനിൽക്കുന്നത്. അതുകൊണ്ട് രേഖകൾ സൂക്ഷി ക്കുന്നതിന് ആധുനിക സംവിധാനങ്ങളോടുകൂടിയ രജിസ്ട്രേഷൻ ഓഫീ സുകൾ ആവശ്യമാണ്. ആധാരമെഴുത്തുകാരുമായി ബന്ധപ്പെട്ട വിഷയ ത്തിൽ രജിസ്ട്രേഷന്റെ കാര്യത്തിൽ അഴിമതി നടക്കുന്നു എന്ന് ഇവിടെ പറയുന്നതുകേട്ടു. ഞാനും അതിനെ നിരാകരിക്കുന്നില്ല. അഴിമതി പല വകുപ്പുകളിലുമുള്ളതുപോലെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലുമുണ്ടെന്ന് നമുക്കറിയാം. പക്ഷേ എല്ലാ ഉദ്യോഗസ്ഥൻമാരും അഴിമതിക്കാരാണെന്ന ആക്ഷേപത്തോട് എനിക്ക് യോജിപ്പില്ല. നന്നായി ജോലി ചെയ്യുന്ന, അവര വരുടെ കർത്തവ്യം ഭംഗിയായി നിർവ്വഹിക്കുന്ന സത്യസന്ധൻമാരായ പല ഓഫീസർമാരും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലുണ്ട്. അവരെയെല്ലാം

ഒന്നടങ്കം അഴിമതിക്കാരായി ആക്ഷേപിക്കുന്നത് ശരിയല്ല. എല്ലാ മേഖലയിലുമുള്ളതുപോലെ അഴിമതിക്കാർ ഈ രംഗത്തുമുണ്ട് എന്നത് ശരിയാണ്. അഴിമതി തടയാൻ സാധിക്കാത്തതിന്റെ പ്രധാന കാരണം ആരും പരാതി നൽകാൻ തയ്യാറാകാത്തതുകൊണ്ടാണ്. ഈ നിയമസഭയിൽ അംഗങ്ങളായിട്ടുള്ളവർപോലും രജിസ്ട്രേഷൻ ഓഫീസിൽ കൈക്കൂലി കൊടുക്കേണ്ട സന്ദർഭം ഉണ്ടായിട്ടുണ്ടാകും. ആർ.ടി.ഒ ഓഫീസിലും രജിസ്ട്രേഷൻ ഓഫീസുകളിലുമൊക്കെ അഴിമതി വളരെക്കാലമായി നിലനിൽക്കുന്നതാണ്. എന്നാൽ, ഇതിനെതിരെ പരാതി കൊടുക്കാൻ ആരും തയ്യാറാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഫോട്ടോ പതിച്ചുതുടങ്ങിയതിനുശേഷം ആൾമാറാട്ടം നടത്തുന്നതിന് കുറവുവന്നിട്ടുണ്ട്. ആൾമാറാട്ടം ശ്രദ്ധയിൽപ്പെട്ടാൽ പരാതി കൊടുത്താൽ ആൾമാറാട്ടത്തിന് കേസെടുക്കാൻ നിയമത്തിൽ വകുപ്പുണ്ട്. എന്നാൽ പരാതിപ്പെടാതെ ഇത് പറഞ്ഞുനടന്ന് പുകമറ പടർത്തുകയെന്നതാണ് എല്ലാവരുടെയും രീതി. ഗ്രാമങ്ങളിലും പട്ടണങ്ങളിലുമൊക്കെ പരാതി എഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകാൻ ആളുകൾ തയ്യാറാകാത്തതാണ് അഴിമതി തടയുന്നതിന് ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത്. സ്റ്റാമ്പ് വെണ്ടർമാരാണ് ഗുണഭോക്താക്കളുടെ കൂട്ടത്തിൽ ഒരു വിഭാഗം. സ്റ്റാമ്പ് വെണ്ടർമാരുടെ സംഘടന പറയുന്നത് അവർക്ക് പെൻഷൻ വേണ്ടെന്നാണ്. കാരണം അവർ ജീവിതാവസാനം വരെ സ്റ്റാമ്പ് വെണ്ടർമാരാണ്. ആരോഗ്യമില്ലാത്ത അവസ്ഥയിൽ വീട്ടിൽ ഇരിക്കേണ്ടി വന്നാൽ സ്റ്റാമ്പിന്റെ വിൽപ്പന മക്കളോ മറ്റാരെങ്കിലും

നടത്തിയാലും ലൈസൻസ് ഇദ്ദേഹത്തിന്റെ പേരിൽ ആയതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാൻ പോകുന്നില്ല. പെൻഷൻ വേണ്ടെങ്കിലും മറ്റ് ആനുകൂല്യങ്ങൾ കൊടുക്കുന്നതുകൊണ്ട് വിരോധമി ല്ലെന്നാണ് സ്റ്റാമ്പ് വെണ്ടർമാർ പറയുന്നത്. ക്ഷേമപദ്ധതിയിൽ പെൻഷനും ഒരു നിശ്ചിത തുകയും കൊടുക്കുമെന്നാണ്  വകുപ്പിൽ പറഞ്ഞിട്ടുള്ളത്. പെൻഷൻ വേണ്ടെന്ന് സ്റ്റാമ്പ് വെണ്ടർമാരുടെ സംഘടനാ നേതാക്കന്മാർ പറയുന്നത് കേട്ട്, ഞാൻ അവരുമായി സംസാരിച്ചിട്ടുണ്ട്. പെൻഷൻ കൊടുക്കണോ, വേണ്ടയോ എന്നുള്ളത് ക്ഷേമനിധി വരുമ്പോൾ ആലോ ചിച്ചാൽ മതി. പെൺമക്കളുടെ വിവാഹത്തിന്, വീട് നിർമ്മാണത്തിന്, വീട് അറ്റകുറ്റപ്പണിക്ക്, വീടും സ്ഥലവും വാങ്ങിക്കുന്നതിന് തുടങ്ങിയ ധാരാളം മറ്റ് ആനുകൂല്യങ്ങൾ ഇതിലുണ്ട്. പെൻഷൻ വേണ്ടാത്തവർ അത് സ്വീകരി ക്കണ്ട, മറ്റ് വകുപ്പുകളിൽ കിട്ടുന്ന ആനുകൂല്യങ്ങൾ ലഭ്യമാകും. സ്റ്റാമ്പ് വെണ്ടർമാരുടെ അംഗസംഖ്യ വളരെ കൂടുതലൊന്നുമില്ല. കണക്ക് തെറ്റി യാണ് എഴുതിയിട്ടുള്ളതെന്നാണ് പറഞ്ഞത്. 7000 ആളുകൾക്ക് 84 ലക്ഷം പേർ എന്നുപറയുന്നത് തെറ്റല്ല. 7000 ആളുകൾക്ക് കൃത്യമായി  84 ലക്ഷം തന്നെയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കൂടുതൽ ആളുണ്ടെ ങ്കിൽ കൂടുതൽ കിട്ടുമെന്ന് മാത്രം. 7000 ആളുകളേ ഉള്ളോ എന്ന ചോദ്യ ത്തിനാണ് ശരിക്ക് ഉത്തരം പറയേണ്ടത്. ചെറിയ വിലയ്ക്കുള്ള സ്റ്റാമ്പ് കേരളത്തിൽ കിട്ടാൻ വലിയ ബുദ്ധിമുട്ടാണെന്നുള്ളതാണ് സ്റ്റാമ്പുമായി ബന്ധപ്പെട്ട് പറയാനുള്ളത്. പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പും  പ്രീ-

മെട്രിക് സ്കോളർഷിപ്പും ഒക്കെ വന്നപ്പോൾ 10 രൂപയുടെ സ്റ്റാമ്പ് വേണം, നോട്ടറി അറ്റസ്റ്റേഷൻ വേണമെന്നൊക്കെയുള്ള വ്യവസ്ഥകൾ വന്നു. സ്റ്റാമ്പ് കിട്ടാതെ ആളുകൾ കഷ്ടപ്പെട്ടു. സ്റ്റാമ്പുകൾക്ക് വേണ്ടി വെണ്ടർമാരുടെ ഓഫീസുകൾക്ക് മുമ്പിൽ എത്രയോ നീണ്ട ക്യൂ ആണ് കാണപ്പെട്ടത്. 10 രൂപയുടെ സ്റ്റാമ്പില്ലാത്തതുകൊണ്ട് 50 രൂപയുടെ സ്റ്റാമ്പ് വാങ്ങിക്കണം. 50 രൂപയുടെ സ്റ്റാമ്പില്ലെങ്കിൽ 100 രൂപയുടെ സ്റ്റാമ്പ് വാങ്ങേണ്ടിവരും. അറ്റസ്റ്റേഷന് 50 രൂപയുടെ നോട്ടറി സ്റ്റാമ്പ് വേറെ വേണം. ഇതെല്ലാം ചെയ്ത് അപേക്ഷ കൊടുത്താലും സ്കോളർഷിപ്പ് കിട്ടുമെന്നതിന് ഉറപ്പില്ല. സ്കോളർഷിപ്പിന്റെ വിഷയത്തിൽ മാത്രമല്ല, ചെറിയ ചെറിയ വിലയുള്ള സ്റ്റാമ്പും മുദ്രപ്പത്രവും കിട്ടുന്നതിന് എപ്പോഴും വലിയ ക്ഷാമം നേരിടാറുണ്ട്. എന്തുകൊണ്ടാണ് ആവശ്യാനുസരണം അത്തരം സ്റ്റാമ്പുകൾ അച്ചടിപ്പിക്കാത്തത്; എന്താണ് അതിന് തടസ്സം? സ്റ്റാമ്പുകളുടെയും മുദ്രപ്പത്രങ്ങളുടെയും അഭാവം താഴേയ്ക്കിടയിൽ വലിയ പ്രയാസമാണ് സൃഷ്ടിക്കുന്നത്. സ്റ്റാമ്പുകളുടെയും മുദ്രപ്പത്രങ്ങളുടെയും അഭാവം ഒരിക്കലും ഉണ്ടാകാത്ത വിധം ഏത് ഗവൺമെന്റ് ആയാലും സജീവ ശ്രദ്ധ പതിപ്പിക്കുകയും ആവശ്യാനുസരണം സ്റ്റാമ്പും മുദ്രപ്പത്രങ്ങളും ലഭ്യമാക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. ഹർഷദ് മേത്തയുടെ വലിയ കുംഭകോണത്തെക്കുറിച്ചൊക്കെ നമ്മൾ കേട്ടിട്ടുണ്ട്. പക്ഷേ വ്യാജ മുദ്രപ്പത്രത്തിന്റെ കാര്യത്തിൽ കേരളത്തിൽ അത്രകണ്ട് വലിയ സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഒന്നുരണ്ട് കേസ്സുകൾ മാത്രമാണ് ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ളത്.

സമൂഹത്തിൽ പല വ്യാജരേഖകൾ ഉണ്ടാക്കുന്ന കൂട്ടത്തിൽ വ്യാജമുദ്രപ്പത്രങ്ങളുടെ നിർമ്മാണവും വന്നുവെന്ന് മാത്രമേയുള്ളു. എങ്കിൽപ്പോലും വളരെ കൂടുതൽ ഉണ്ടായിട്ടില്ല. ഏറ്റവും പ്രധാനപ്പെട്ട സംഗതി, പുതിയ ടെക്നോളജിയും ഡിജിറ്റലൈസേഷനും ഒക്കെ വന്നപ്പോൾ ഇ-സ്റ്റാമ്പിംഗ് എന്നൊരു കാര്യം വന്നു. അത് വളരെ നല്ലതാണ്. ഇ-സ്റ്റാമ്പിംഗിൽ ഓൺലൈനിൽ റെയിൽവേ ടിക്കറ്റ് എടുക്കുന്നതുപോലെ എത്ര രൂപയുടെ സ്റ്റാമ്പാണോ ആവശ്യം അത് അവരവർക്ക് തന്നെ എടുക്കാം. കർണ്ണാടകത്തിലും മഹാരാഷ്ട്രയിലും ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മഹാരാഷ്ട്രയിൽ രണ്ട് സമ്പ്രദായവുമുണ്ട്. മുംബൈ നഗരത്തിൽ മാത്രവും മറ്റ് പ്രദേശങ്ങളിൽ വേറെയും ഇ-സ്റ്റാമ്പിംഗ് ഉണ്ട്. ബോംബെ നഗരത്തിൽ ഇ-സ്റ്റാമ്പിംഗ് സമ്പ്രദായവും പഴയ സ്റ്റാമ്പ് വിൽപ്പനയും ഒരേ സമയം നടക്കുന്നുണ്ട്. കർണ്ണാടകത്തിൽ ഇ-സ്റ്റാമ്പിംഗ് സിസ്റ്റം വേണ്ടത്ര വിജയിച്ചില്ലെന്നാണ് അവർ പറയുന്നത്. രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ 2 രൂപയുടെ പത്രം ബാങ്കിൽ നിന്നും വാങ്ങിയതിനുശേഷം രജിസ്ട്രാർ ആഫീസിൽ പോയി എത്ര രൂപയുടെ സ്റ്റാമ്പ് വേണമോ അതിനുള്ള സീൽ പതിപ്പിക്കുകയാണ് അവിടെ ചെയ്യുന്നത്. സീൽ പതിച്ച് കിട്ടണമെങ്കിൽ അടിസ്ഥാന സ്റ്റാമ്പ് പേപ്പർ വാങ്ങാൻ ബാങ്കിൽ പോകണം. ഇ-സ്റ്റാമ്പിംഗിന്റെ ഇംപ്ലിമെന്റേഷനിൽ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ ഡിജിറ്റലൈസേഷൻ തടഞ്ഞുവയ്ക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഇന്നല്ലെങ്കിൽ നാളെ ഡിജിറ്റലൈസേഷൻ നടപ്പിലാകും പുതിയ

ടെക്നോളജി വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഡിജി റ്റലൈസേഷനും കമ്പ്യൂട്ടറൈസേഷനുമൊക്കെ വന്നാൽ ജനങ്ങൾ സ്വീക രിക്കുന്നുണ്ട്. നമ്മളെക്കാൾ ഏറെ മുമ്പിലാണ് ജനങ്ങൾ. അവർക്കത് സ്വീകാര്യ മാണ്. നമ്മൾ വളരെ പുറകിലാണ്. പക്ഷേ, സ്റ്റാമ്പ് വെണ്ടേഴ്സിന്റെ ആവശ്യം ഇ-സ്റ്റാമ്പിംഗ് അവരിലൂടെ നടപ്പിലാക്കണമെന്നുള്ളതാണ്. ആ പറയുന്ന തിൽ ന്യായമുണ്ട്. അവരിലൂടെ ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചാൽ നല്ല കാര്യമാണ്. നിലവിലുള്ള സ്റ്റാമ്പ് വെണ്ടർമാർ അധികമൊന്നുമില്ല. അവ രുടെ ജോലി നഷ്ടപ്പെടാതെ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കാൻ സാധിക്ക ണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് റിക്വസ്റ്റ് ചെയ്യാനുള്ളത്. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. സ്റ്റാമ്പ് വെണ്ടർമാർക്ക് 3 വർഷത്തി ലൊരിക്കൽ ലൈസൻസ് പുതുക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നു. അതിപ്പോൾ ഉണ്ടോ ഇല്ലയോ എന്നെനിക്കറിയില്ല. എന്തായാലും ആധാരം എഴുത്തുകാർക്ക് അങ്ങനെ ലൈസൻസ് പുതുക്കുന്ന വ്യവസ്ഥയൊന്നുമി ല്ല. സ്ക്രൈബ്സിനും ആധാരം എഴുത്തുകാർക്കും അങ്ങനെയൊരു വ്യ വസ്ഥ ഉള്ളതായി ഞാൻ മനസ്സിലാക്കിയിട്ടില്ല. ഒരുതവണ ഒരാൾ സ്റ്റാമ്പ് വെണ്ടർ ആയാൽ, He is a Stamp Vender for ever, എന്നതാണ് സ്ഥിതി യെങ്കിൽ ലൈസൻസ് പുതുക്കുന്നതിൽ കാര്യമില്ല. സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടാതെയുള്ള സംവിധാനമാണ് ഇക്കാര്യത്തിൽ ഉണ്ടാകേ ണ്ടതെന്നാണ് എനിക്ക് തോന്നുന്നത്. സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കുന്ന തിൽ സുതാര്യതയും ലാളിത്യവും വേണം. സ്റ്റാമ്പ് വെണ്ടർമാരുടെ നിയ

മനം വളരെ സങ്കീർണ്ണമായ ഏർപ്പാടാണ്. ഹിയറിംഗ് നടത്തി ക്വാളിഫിക്കേഷൻസൊക്കെ പ്രൊഡ്യൂസ് ചെയ്ത് അതിൽ നിന്ന് ഒരാളെ തെരഞ്ഞെടുക്കുന്നു. ബാക്കിയുള്ളവർ കേസ്സിനുപോയൊക്കെയാണ് സ്റ്റാമ്പ് വെണ്ടർമാരുടെ അപ്പോയിന്റ്മെന്റ് നടത്തുന്നത്. അത് വളരെ ലളിതമായ രീതിയിൽ ആക്കിക്കൂടെ? പുതിയ കാലഘട്ടമായതുകൊണ്ട് ഹയർ ക്വാളിഫിക്കേഷൻസ് വേണമെങ്കിൽ ഫിക്സ് ചെയ്യാം. സ്റ്റാമ്പ് വെണ്ടർമാരെ ആവശ്യാനുസരണം അപ്പോയിന്റ് ചെയ്യണം. അതിൽ പിശുക്ക് കാണിക്കേണ്ട കാര്യമില്ല. ആവശ്യമുള്ളിടത്തെല്ലാം സ്റ്റാമ്പ് വെണ്ടർമാർ ഇരുന്നോട്ടേ. സർക്കാരിന്റെ മുദ്രപ്പത്രമല്ലേ അവർ വിൽക്കുന്നത്. അതിന്റെ വരുമാനം സർക്കാരിനല്ലേ. അത് വേണ്ടപോലെ ചെലവാക്കുന്നതിന് എന്താണ് കുഴപ്പം? നഗരങ്ങളിലും രജിസ്ട്രേഷൻ ആഫീസുകൾ, കളക്ടറേറ്റ്, സർക്കാർ ആഫീസുകൾ തുടങ്ങിവയ കേന്ദ്രീകരിച്ച് സ്റ്റാമ്പ് വെണ്ടർമാരുടെ പോസ്റ്റ് കൊടുക്കണം. അവരെ നിയമിക്കുന്നത് സുതാര്യവും ലളിതവുമായിരിക്കണം. ഇന്ന് സ്റ്റാമ്പ് വെണ്ടർമാരുടെ നിയമനം കിട്ടുകയെന്നുള്ളത് സങ്കീർണ്ണമായ പ്രക്രിയയാണ്. ഇതുമായി ബന്ധപ്പെട്ട് ആളുകൾ കേസ്സിന് പോകുന്ന സംഭവങ്ങൾ ധാരാളമായി ഉണ്ടാകുന്നുണ്ട്. അതിനൊക്കെ മാറ്റം വരേണ്ടത് അത്യാവശ്യമാണ്. മൂല്യനിർണ്ണയത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനം ഒട്ടും ശരിയല്ല. ഈ ലാന്റ് മൂല്യനിർണ്ണയത്തിനുവേണ്ടി ഓരോ വില്ലേജ് ആഫീസർമാരും അവർക്ക് തോന്നിയതുപോലെയാണ് എഴുതുന്നത്. 15,000 രൂപ സെന്റിന് വില

കിട്ടുന്ന സ്ഥലത്ത് സർക്കാർ 30,000 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. ഭീമമായ സംഖ്യ അതിന് കൊടുക്കേണ്ടി വരികയാണ്. അണ്ടർ വാല്യൂവേഷൻ കേസ് വേറെ വരുന്നു. അതേസമയം ഗവൺമെന്റ് നടത്തിയിട്ടുള്ള മൂല്യനിർണ്ണയം പുന:പരിശോധിച്ച് പുനർനിർണ്ണയം ചെയ്യണം. ആ പ്രദേശത്തെ ശരിയായ വിലയുമായി താരതമ്യം ചെയ്യാൻ ആകാത്ത വിധമുള്ള വിലയാണ് മൂല്യനിർണ്ണയത്തിൽ സംഭവിച്ചിട്ടുള്ളത് അത് മാറ്റേണ്ടത് അത്യന്താപേക്ഷിതമായിട്ടുള്ള കാര്യമാണ്. പ്രമാണങ്ങളിൽ ലാന്റിന്റെ തരം പറഞ്ഞിട്ടുണ്ടാകും. അത് നിലമാണോ പള്ളിയാലാണോയെന്ന് പറഞ്ഞിട്ടുണ്ടാകും. 10-20 വർഷങ്ങളായി തെങ്ങും കമുകും ഫലവൃക്ഷതോട്ടങ്ങളുമായി മാറിയിട്ടുള്ള കുറെ പാടശേഖരങ്ങളുണ്ട്. ആ പാടശേഖരങ്ങളൊന്നും ഒരിക്കലും നെൽവയൽ ആക്കിമാറ്റാൻ സാധിക്കില്ല. അത്തരം സ്ഥലങ്ങൾ പരിശോധന നടത്തി, ലാന്റ് തരംമാറ്റി കൊടുക്കുന്നതിന് എന്താണ് കുഴപ്പം? ആ ലാന്റ് നെൽവയൽ ആണെന്ന് രേഖ വച്ച് വീട് വയ്ക്കാനും ഇലക്ട്രിക് കണക്ഷൻ കിട്ടാനും കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാകേണ്ട ഒരു സാഹചര്യവും ഇല്ല. അതിന് മാറ്റം വരുത്തണം. അണ്ടർ വാല്യൂവേഷൻ എന്നുപറഞ്ഞ് മിക്കവാറും ആളുകൾക്ക് രജിസ്ട്രാർ ആഫീസിൽ നിന്ന് നോട്ടീസ് അയയ്ക്കുകയാണ്. പിന്നെ അത് എങ്ങോട്ട് പോയെന്നറിയില്ല. അണ്ടർ വാല്യൂവേഷൻ നോട്ടീസ് വന്നാൽ അതുമായി രജിസ്ട്രാർ ആഫീസിൽ ആൾ പോകുന്നു, അതവിടെ സെറ്റിൽ ചെയ്തുപോകുന്ന സ്ഥിതിവിശേഷമുണ്ട്. രജിസ്ട്രാർ ആഫീസിൽ

പോകാത്തവർക്ക് യാതൊരു പ്രശ്നവുമില്ല. രജിസ്ട്രേഷൻ രംഗത്ത് സർക്കാരിന് മോർട്ട്ഗേജ് കൊടുക്കുകയാണ്. ഹൗസിംഗ് ബോർഡിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ വായ്പ വാങ്ങി മോർട്ട്ഗേജ് ഡീഡ് രജിസ്റ്റർ ചെയ്യുകയാണെങ്കിൽ വായ്പ എടുക്കുന്ന ആൾ മോർട്ട് ഗേജിന്റെ മുഴുവൻ ഫീസും ആധാരമെഴുത്തിന്റെ ഫീസും സ്റ്റാമ്പ് ഫീസും വഹിക്കണം. ഗവൺമെന്റിൽ നിന്ന് തിരിച്ചെടുത്ത് റിലീസ് ഡീഡ് (ഒഴിമുറി) രജിസ്റ്റർ ചെയ്യുമ്പോൾ ഫീസ് കൊടുക്കേണ്ടതും ഇയാൾ തന്നെയാണ്. എന്തിനാണ് ഇയാൾ രണ്ടറ്റത്തും ഫീസ് കൊടുക്കേണ്ടത്? അതൊരു ബുദ്ധിമുട്ടുള്ള കാര്യമാണ്. മോർട്ട്ഗേജ് ഗവൺമെന്റിന് രജിസ്റ്റർ ചെയ്തുകൊടുക്കുമ്പോൾ വായ്പ വാങ്ങുന്ന ആൾ ഫീസ് കൊടുത്താൽ മതി, അല്ലാത്തപ്പോൾ കൊടുക്കേണ്ട കാര്യമില്ലെന്ന തീരുമാനമാണ് ശരിക്കുമെടുക്കേണ്ടത്. അതിന് തയ്യാറാകണമെന്നാണ് എനിക്ക് ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയനുസരിച്ച് ഭൂമി സർക്കാരിനുപോലും വാങ്ങാൻ സാധിക്കില്ല. അതുകൊണ്ട് വാല്യുവേഷനിൽ മാറ്റം വരുത്തണം. സ്റ്റാമ്പിന്റെ ക്ഷാമം പരിഹരിക്കണം. ഇതൊക്കെ വളരെ അത്യാവശ്യമായിട്ടുള്ള സംഗതിയാണ്. ബില്ലിൽ നോക്കിയാൽ ചില സംഗതികൾ കാണാൻ കഴിയും. ബില്ലിലെ 25-ാം വകുപ്പിൽ, വീഴ്ചയോ അയോഗ്യതയോ ഉള്ള സംഗതിയിൽ പണം നൽകൽ എന്നാണ്. വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ

നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രകാരം അംശദായമായി ഒടുക്കിയ തുകയ്ക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ആ വകുപ്പ് വേണ്ട എന്നു ഞാൻ പറയുന്നില്ല. 25-ാം വകുപ്പിന്റെ 1, 2, 3, 4 ഉപവകുപ്പുകൾ ശരിക്കും ഫ്രെയിം ചെയ്യുമ്പോൾ 6-ാം വകുപ്പിലാണ് വരേണ്ടത്. 6-ാം വകുപ്പിലാണ് അംഗത്വത്തിനെക്കുറിച്ച് പറയുന്നത്. അംഗത്വം നഷ്ടപ്പെടൽ, അംഗത്വം റദ്ദാക്കൽ, അംഗത്വം നഷ്ടപ്പെടുന്ന ആളിനെ പിന്നീട് പുനരുജ്ജീവിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളൊക്കെ പറയുന്നത് 6-ഉം 7-ഉം വകുപ്പുകളിലാണ്. 25-ാം വകുപ്പുവരെ കൊണ്ടുപോയി അതുവരെ വേറെ കുറേ കാര്യങ്ങൾ പറഞ്ഞിട്ട് വീണ്ടും 25-ാം വകുപ്പിൽ അംഗത്വത്തിന്റെ കാര്യം ഉദയം ചെയ്യുകയാണ്. അംഗത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ 6-ാം വകുപ്പിൽ തുടർച്ചയായി ചേർക്കണം. 6-ാം വകുപ്പിലെ നമ്പർ മാറ്റേണ്ടിവരുമെന്നുമാത്രമേയുള്ളൂ. 6-ാം വകുപ്പിന്റെ ഭാഗമായി വരേണ്ട കാര്യങ്ങളാണ് 25-ാം വകുപ്പിലേക്ക് പോയിട്ടുള്ളതെന്നാണ് എനിക്ക് തോന്നുന്നത്. ഇതുപോലുള്ളൊരു ഭേദഗതി വരുത്തേണ്ടത് ആവശ്യമാണ്. അതുപോലെ ഈ ബില്ലിന്റെ 12-ാം വകുപ്പിൽ (2) (1) -ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം 'ബോർഡിൽ നിന്നും നീക്കംചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റുവിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കംചെയ്ത തീയതിമുതൽ മൂന്ന് വർഷക്കാലത്തേക്ക് ബോർഡിലെ ഒരംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല' എന്ന് പറഞ്ഞിട്ടുണ്ട്. അതുകഴിഞ്ഞ്

പിന്നെ പറയുന്നത് ‘അങ്ങനെയുള്ള ഒരംഗത്തിന് ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ നാമ നിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹതയുണ്ടാവില്ലായെന്നാണ്’. ആ രണ്ടാമത്തെ ഉപവകുപ്പ് ആവശ്യമില്ല. അയാളെ മൂന്നുവർഷം കഴിയാതെ പിന്നെ നോമിനേറ്റ് ചെയ്യാൻ പാടില്ല എന്നു പറഞ്ഞാൽ പിന്നെ അതിന് അയാൾ യോഗ്യനാണെന്ന് പറഞ്ഞ് ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ട കാര്യമെന്താണ്? അതുകൊണ്ട് മലയാളത്തിലുള്ള ഈ ബില്ലിന്റെ 11-ാം പേജിൽ പറയുന്ന 12-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് ആവശ്യമില്ലാത്തതാണ്. അതേ കാര്യം നടക്കാൻ ആദ്യത്തെ ഉപവകുപ്പുകൊണ്ടുതന്നെ സാധിക്കുമെന്നുള്ളത് ഉറപ്പാണ്. നേരത്തെ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഒരു പ്രധാനപ്പെട്ട കാര്യം ഇതിന്റെ ബോർഡ് എന്നു പറയുന്നത് 7 സർക്കാർ ഉദ്യോഗസ്ഥൻമാരും 3 അനൗദ്യോഗിക അംഗങ്ങളുമാണ്. അത് ആവശ്യമുണ്ടോ എന്നുള്ള കാര്യത്തിൽ എനിക്ക് ബലമായ സംശയമുണ്ട്. 7 സർക്കാരുദ്യോഗസ്ഥരിൽ, നികുതി വകുപ്പ് സെക്രട്ടറി, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ എന്നിവർ ഉൾപ്പെടും. ഇതിൽ ഒരാൾ ചെയർമാനും, മറ്റൊരാൾ വൈസ് ചെയർമാനും പിന്നൊരാൾ സെക്രട്ടറിയുമാണ്. അങ്ങനെ 7 മഹാന്മാരായ ആളുകളാണ് ബോർഡിലിരിക്കുന്നത്. ഇവരൊക്കെ എന്തുമാത്രം ജോലിയുള്ള ആളുകളാണ്. പിന്നെ പേരിനു മാത്രം മൂന്ന് അനൗദ്യോഗിക അംഗങ്ങൾ നിൽക്കുകയാണ്. ആ മൂന്ന്

അനൗദ്യോഗിക അംഗങ്ങൾ സ്റ്റാമ്പ് വെണ്ടർമാരുടേയും ആധാരം എഴുത്തുകാരുടേയുമൊക്കെ സംഘടനാ പ്രതിനിധികളോ അല്ലെങ്കിൽ ഇന്നത്തെ രീതിയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളോ ആയിരിക്കാം. ബോർഡിൽ ഈ പ്രഗത്ഭരായ 7 ഉദ്യോഗസ്ഥർ എന്തിനാണ്? അതിന്റെ ആവശ്യമില്ല. അതിന്റെ എണ്ണം കുറയ്ക്കണം. അതുപോലെ ചെയർമാൻഷിപ്പ് നികുതിവകുപ്പ് സെക്രട്ടറിക്ക് കൊടുക്കേണ്ട കാര്യമെന്താണ്? അദ്ദേഹത്തിന് വേറെ എന്തെല്ലാം ജോലിയുണ്ട്. ഇതിൽ പറഞ്ഞപ്രകാരം നികുതിവകുപ്പ് സെക്രട്ടറി ഓരോ മൂന്നാം മാസവും ക്ഷേമനിധി ബോർഡ് കൂടുമ്പോൾ ആധാരമെഴുത്തുകാരുടെ പിറകേ പോകേണ്ട കാരൃമുണ്ടോ?

ശ്രീ. പാലോട് രവി: സർ, കേരളത്തിലെ ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ചിടത്തോളം ആ ക്ഷേമനിധികളുടെ ബോർഡിന്റെ ചെലവു തന്നെ വലിയ ഒരു ബാധ്യതയായി മാറിയിരിക്കുകയാണ്. ഓരോ ക്ഷേമനിധി ബോർഡ് ഉണ്ടാക്കുന്നു. ആ ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻഡിച്ചർ എന്നു പറയുന്നത് ആർക്കും താങ്ങാനാകാത്ത സാഹചര്യത്തിലേക്ക് നീങ്ങുകയാണ്. മാത്രവുമല്ല ഗവൺമെന്റ് അതിന് പ്രത്യേകമായി തുക വകയിരുത്താറുമില്ല. പാവപ്പെട്ട ആളുകളിൽ നിന്ന് പിരിച്ചെടുക്കുന്ന തുകതന്നെ ഇത്തരത്തിലുള്ള ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന ഒരു ദുഃസ്ഥിതിയാണ്

നമ്മുടെ സംസ്ഥാനത്തുള്ളത്. ഇതൊഴിവാക്കാൻ എന്ത് നിർദ്ദേശമാണ് അങ്ങേയ്ക്കുള്ളത്?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ശ്രീ. പാലോട് രവി പറഞ്ഞത് ശരിയാണ്. പാവപ്പെട്ട ആളുകളായതുകൊണ്ടാണ് ക്ഷേമനിധി വേണ്ടിവന്നത്. അപ്പോൾ പിന്നെ അതിലെ ഗുണഭോക്താക്കൾ പാവപ്പെട്ടവരേ ഉണ്ടാവുകയുള്ളൂ. ഈ ക്ഷേമനിധി അത്ര പാവപ്പെട്ടവരുടേതൊന്നുമല്ല. സാധാരണഗതിയിൽ കേരളത്തിൽ ക്ഷേമനിധികൾ ഏർപ്പെടുത്താൻ തന്നെ കാരണം കുറേ പാവപ്പെട്ട ആളുകളെ സംരക്ഷിക്കാൻ വേണ്ടിയുണ്ടായിട്ടുള്ള ഒരു വെൽഫയർ റിഫോം ആണ്. ഒരു പരിഷ്ക്കാരമാണ്. അതൊരു പഴയ സങ്കൽപ്പമാണ്. എല്ലാ രാജ്യത്തും എല്ലാ കാലത്തും ഈ ക്ഷേമനിധികളെല്ലാം നിലനിൽക്കുമെന്ന യാതൊരു വിശ്വാസവുമെനിക്കില്ല. ക്ഷേമനിധികളുടെ കാലമൊക്കെ പോയി. വെൽഫയർ സ്റ്റേറ്റ് എന്നുപറയുന്ന സങ്കല്പത്തിന്റെ ....

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ.ഷിബു ബേബി ജോൺ): സർ, ഇവിടെ ഉന്നയിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. പുതിയ ക്ഷേമനിധി രൂപീകരിക്കാൻ ഇനി ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ശ്രീ. പാലോട് രവി സുചിപ്പിച്ചതുപോലെ ഒരു ജില്ലയിൽ ഒരു ഓഫീസിന്റെ ആവശ്യമേയുള്ളൂ. പല ഓഫീസുകളും പല സംവിധാനവും അഡ്മിനിസ്ട്രീവ് എക്സ്പെൻസിന്റേയുമെന്നുമാവശ്യമില്ല. ഇപ്പോഴുള്ള ക്ഷേമനിധികൾ തൊഴിലാളികൾക്ക് കൊടുക്കുന്ന ആനുകൂല്യം പര്യാപത

മല്ല എന്നുതന്നെയാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. അതനുസരിച്ച് നില വിലുള്ള ക്ഷേമനിധികൾ സംയോജിപ്പിച്ച് അനർഹരെ ഒഴിവാക്കി ശക്തമാ യിട്ടുള്ള ഒരു സംവിധാനം കൊണ്ടുവന്ന് നല്ലൊരു വെൽഫയർ സ്റ്റേറ്റാക്കി മാറ്റുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം.

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ല കാര്യമാണ്. ഗവൺമെന്റിന്റെ സദുദ്ദേശ്യത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഏതു ഗവൺമെന്റും ഒരു വെൽഫയർ സ്റ്റേറ്റ് ആക്കണമെന്ന് ആഗ്രഹിക്കാ റുണ്ട്. പക്ഷെ ഒരു വെൽഫയർ സ്റ്റേറ്റ് എന്ന കൺസപ്റ്റ് തന്നെ മാറിയ കാലഘട്ടത്തിലാണ് കേരളം ഇപ്പോഴും ഇതുമായി പോകുന്നത് എന്ന് മന സ്സിലാക്കിയതുകൊണ്ടായിരിക്കണം ഇത് ലാസ്റ്റ് ക്ഷേമനിധിയാണ് ഇനി ക്ഷേമനിധി ഇല്ലാ എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയാൻ കാരണം. ഇതിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഭയപ്പെടുന്നതുപോലെ ബോഗസ് ആയിട്ടുള്ള മെമ്പർമാർ വരാനുള്ള സാധ്യതയില്ലാത്ത ഒരു ക്ഷേമനിധിയാ ണിത്. മറ്റ് ക്ഷേമനിധിയിലൊക്കെ ബോഗസ് മെമ്പർമാരുണ്ടെന്ന് ആക്ഷേപം പറയാറുണ്ട്. ഇതിൽ അങ്ങനെ വരില്ല, ഇതിന്റെ ഗുണഭോക്താ ക്കൾ മുഴുവൻ ലൈസൻസീഡ് പേഴ്സൺസാണ്. അതുകൊണ്ട് ബോഗ സായിട്ടുള്ള അംഗത്വം വരാനുള്ള സാധ്യതയൊന്നുമില്ല. പാവപ്പെട്ടവർക്കു വേണ്ടി മാത്രമല്ല, എല്ലാവർക്കും ക്ഷേമനിധി സഹായകരമാണ് എന്നാണ് ഈ ക്ഷേമനിധി ബില്ലിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നത്. എന്തായാലും ആ കൺസപ്റ്റ് മാറിയിട്ടുണ്ട്. നമ്മൾ എന്ത് ചിന്തിച്ചിട്ടും കാര്യമില്ല.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് വെൽഫയർ സ്റ്റേറ്റ് ആയിരുന്നു. അതിനുമുമ്പ് മഹാത്മാഗാന്ധിയുടെ രാമരാജ്യമായിരുന്നു. അതുകഴിഞ്ഞ് ഇന്ദിരാഗാന്ധി വന്നപ്പോൾ സോഷ്യലിസമായി. ഗാന്ധിജിയുടെ രാമരാജ്യമാണോ, നെഹ്റുവിന്റെ ക്ഷേമരാജ്യമാണോ ഇന്ദിരാഗാന്ധിയുടെ സോഷ്യലിസമാണോ ഇപ്പോഴുള്ളതെന്നുചോദിച്ചാൽ ഇതൊന്നുമല്ല ഇപ്പോഴുള്ളത്. നെഹ്റുവിന്റെ വെൽഫയർ സ്റ്റേറ്റിലോ ഗാന്ധിജിയുടെ രാമരാജ്യത്തിലേക്കോ ഇന്ദിരാഗാന്ധി പറഞ്ഞതുപോലെയുള്ള ഒരു സോഷ്യലിസ്റ്റ് സങ്കൽപ്പത്തിലേക്കോ ഒന്നും മാറാൻ ഇനി സാധ്യമല്ല. ലോകത്തിന് അത്രവലിയ മാറ്റങ്ങൾ വന്നിരിക്കുന്നു. ഏറ്റവും കുറച്ച് ഭരിക്കുന്ന ഒരു ഗവൺമെന്റാണ് ബെസ്റ്റ് ഗവൺമെന്റെന്ന് പറയുന്ന ഒരു കാലമാണ്. വീട്, ഭക്ഷണം, വസ്ത്രം, പാർപ്പിടം, സിലിണ്ടർ, വിദ്യാഭ്യാസം, ആരോഗ്യ പരിചരണം എല്ലാം ഗവൺമെന്റ് കൊടുക്കണം എന്നൊക്കെയുള്ളത് ശരിക്കും പഴയ സങ്കൽപ്പമാണ്. ഞാൻ അത് വേണ്ട എന്നല്ല പറയുന്നത്. ..........(ബഹളം)...........അതൊന്നും കേരളത്തിലെ യു.ഡി.എഫ്.-കാർ മാറ്റിയതല്ല. ലോകത്തിനുവന്ന ചില മാറ്റങ്ങളാണ്. ആ മാറ്റങ്ങൾ നമ്മൾ ഉൾക്കൊള്ളാതിരുന്നുകൂടാ. വെൽഫയർ കൺസപ്റ്റ് തന്നെ കുറഞ്ഞുവരുന്ന ഒരു കാലത്താണ് നമ്മൾ ഇതുണ്ടാക്കുന്നതെന്നുള്ള ഒരു യാഥാർത്ഥ്യബോധം നമുക്കുണ്ടാകണമെന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് ഇന്നത്തെ കാലത്തിനുകൂടി അനുയോജ്യമായ ഒരു ക്ഷേമനിധിയാണ് നമ്മൾ ആവിഷ്ക്കരിക്കേണ്ടതെന്ന് പറയാനാണ് ഞാൻ ഇത്രയും

പറഞ്ഞത്. അല്ലാതെ ലോകത്തിന് മാറ്റം വന്നതിന് ഞാനെന്തു ചെയ്യാനാണ്? ഞാനോ കേരളത്തിലെ യു.ഡി.എഫോ ആണോ ലോകം മാറ്റിയത്? ഞാൻ ആദ്യം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് മാറി. എന്റെ പിന്നാലെ സോവിയറ്റ് യൂണിയനും ചെക്കോസ്ലാവാക്യയുമൊക്കെ മാറി. ഞാൻ 1987 -ൽ മാറി. സോവിയറ്റ് യൂണിയൻ 1990-ൽ പോയി. കിഴക്കൻ യൂറോപ്പ് അതിനുശേഷം പോയി. ഞാൻ പോയതിനുശേഷമാണ് ബാക്കി എല്ലാവരും പോയത്. ഇന്നലെ ഇവിടെ നടന്ന ചർച്ചയിൽ ആരാണ് ആദ്യം പാർട്ടി വിട്ടതെന്നുള്ള ചർച്ച നടന്നു. കോൺഗ്രസ്സിൽ നിന്നല്ലേ എല്ലാവരും പോയത്? ഇന്നലെ അതിനെക്കുറിച്ച് ആരും പറഞ്ഞില്ല. ശ്രീ. ആർ. സെൽവരാജ് പോന്നതിനെക്കുറിച്ചൊക്കെ വലിയ സംഭവമായി പറഞ്ഞു. ശ്രീ. ആർ. സെൽവരാജ് പോകുന്നതിനുമുമ്പ് ഇ.എം.എസ്. നമ്പൂതിരിപ്പാട് കോൺഗ്രസ്സിൽ നിന്ന് പോയില്ലേ? ഇ.എം.എസ്. ഉൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെ കോൺഗ്രസ്സിൽ നിന്നുണ്ടായതല്ലേ? ഇവിടെയുള്ള എല്ലാ പാർട്ടികളും കോൺഗ്രസ്സിൽ നിന്നും വന്നിട്ടുള്ളതല്ലേ? നാഷണൽ മൂവ്മെന്റ് എന്നുപറയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആണല്ലോ? അതിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതല്ലേ നമ്മളെല്ലാപേരും. അതുകൊണ്ട് ഒരു നാഷണൽ മൂവ്മെന്റ് ഇവിടെ ഉണ്ടായിരുന്നു. സർക്കാർ ഉദ്യോഗസ്ഥർക്ക് മേധാവിത്വമുള്ള ഒരു ക്ഷേമനിധിയായിട്ടാണ് ഇത് വന്നിട്ടുള്ളത്. അത്രയും മേധാവിത്വം സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കുന്നത് അൺഡെമോക്രാറ്റിക് ആയിട്ടുള്ള ഒരു കൺസപ്റ്റാണ്. ജനാധിപത്യ

സങ്കല്പമല്ലാ എന്നാണ് എന്റെ പരാതി. അതുകൊണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണം പരമാവധി കുറയ്ക്കുകയും അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം കൂട്ടുകയും ചെയർമാൻഷിപ്പ് ഡെമോക്രാറ്റിക് ആയിട്ട് ഏതെങ്കിലും ഒരു ജനപ്രതിനിധിക്ക് അല്ലെങ്കിൽ ഒരു അനൗദ്യോഗിക അംഗത്തിന് കൊടുക്കുകയും ചെയ്യണം എന്നാണ് എന്റെ അഭിപ്രായം. നേരത്തെ ശ്രീ. കെ. രാജു സംസാരിച്ചപ്പോൾ പറഞ്ഞത് നികുതി വകുപ്പ് സെക്രട്ടറിയെ ഒഴിവാക്കി തൊഴിൽ വകുപ്പിനെ വയ്ക്കണമെന്നാണ്. ഞാൻ പറയുന്നത് തൊഴിൽ വകുപ്പും വയ്ക്കാൻ പാടില്ല എന്നാണ്. സെക്രട്ടറിയായി തൊഴിൽ വകുപ്പിന്റെ ആളെ വയ്ക്കാം. പക്ഷെ ചെയർമാനായി ഒരു അനൗദ്യോഗിക അംഗത്തെ വയ്ക്കുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഇതിൽ ഉദ്യോഗസ്ഥ മേധാവിത്വം ഇത്രയും ഉണ്ടാകാൻ പാടില്ല. അത് കുറയ്ക്കേണ്ടത് നമുക്ക് ആവശ്യമായിട്ടുള്ള സംഗതിയാണ്. വെൽഫയർ മെഷേഴ്സ് കുറയ്ക്കണമെന്നല്ല ഞാൻ പറഞ്ഞത്. ഇന്നത്തെ ലോകത്ത് വെൽഫയർ മെഷേഴ്സിന് വലിയ സ്ഥാനമില്ല എന്നാണ് ഞാൻ പറഞ്ഞത്. പക്ഷെ നമ്മൾ ഇപ്പോഴും വെൽഫയർ മെഷേഴ്സുമായി മുന്നോട്ടു പോകുകയാണ്. ആധുനിക ലോകത്തിനുകൂടി അനുയോജ്യമായ രീതിയിൽ വേണം............

<u>ശ്രീ. സി. കെ. നാണു</u>: സർ, തെറ്റായ ഒരു കാര്യം പറഞ്ഞാൽ അത് രേഖയിൽ നിന്ന് മാറ്റണ്ടേ? താങ്കൾക്ക് ആരെ വേണമെങ്കിലും മാറ്റാം, പക്ഷെ മഹാത്മാ ഗാന്ധിയെ മാറ്റാൻ പാടില്ല. താങ്കൾ പാർട്ടി മാറിയിട്ടു

ണ്ടാകും, അതിന്റെ ചരിത്രമുണ്ടാകും. ഇന്ന് ആഫ്രിക്കൻ രാജ്യങ്ങളടക്കം ലോകത്തെ എല്ലാ രാഷ്ട്രങ്ങളും ഗാന്ധിജിയിലേക്ക് വരികയാണ്. അറേബ്യൻ രാജ്യങ്ങളിൽ നടക്കുന്ന സമരങ്ങളിലെ ജനങ്ങൾ ഉൾപ്പെടെയു ള്ളവരെല്ലാം മഹാത്മാ ഗാന്ധിജിയെ സംബന്ധിച്ച് പറയുകയാണ്. 'ഭരണ മെന്നുപറയുന്നത് ജനങ്ങളെ ഭീഷണിപ്പെടുത്തുന്നതാവരുത്, ഒരു മന്ദമാരു തനെപ്പോലെ ജനങ്ങളെ തഴുകുന്നതാകണം' എന്നാണ് ഗാന്ധിജി ഭര ണത്തെ സംബന്ധിച്ച് പറഞ്ഞത്. ആരെ സംബന്ധിച്ച് വേണമെങ്കിലും പഴ യതാണെന്ന് പറയാം, പക്ഷെ ദയവുചെയ്ത് ഞങ്ങളെപ്പോലുള്ളവർ ഇരി ക്കുന്ന സഭയിൽ മഹാത്മാഗാന്ധി പഴയതാണ്, താങ്കൾക്ക് ഏതൊരു പ്രത്യ യശാസ്ത്രവും പഴയതാണെന്ന് പറയാം, അതിനുള്ള അവകാശത്തെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ, മഹാത്മാ ഗാന്ധിയെ സംബന്ധിച്ച് പറ ഞ്ഞപ്പോൾ, പല സുഹൃത്തുക്കളും ഇവിടെ നിശബ്ദരായി ഇരുന്നപ്പോൾ, അത് പറയേണ്ടതാണെന്ന് തോന്നിയതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. അത് പിൻവലിക്കണം. മഹാത്മാ ഗാന്ധി നടത്തിയ അവസാനത്തെ നിരാ ഹാര സമരത്തിൽ പാകിസ്ഥാന്റെയും ഇന്ത്യയിലെയും ഭരണാധികാരികൾ വന്ന് ആ മനുഷ്യന്റെ മുന്നിൽ മുട്ടുകുത്തിയതിന്റെ ഫലമായിട്ടാണ് ഇന്ത്യ ഒരു മതേതരത്വ രാജ്യമായി നിൽക്കുന്നത്.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u>: സർ, ഞാൻ ഗാന്ധിജിയെക്കുറിച്ച് ഒരു ആക്ഷേപവും പറഞ്ഞിട്ടില്ല. ഗാന്ധിജിയെക്കുറിച്ച് ഞാൻ വളരെ മനോഹര മായി എത്രയോ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. അതൊന്നും മനസ്സിലാ

ക്കാതെയാണ് അദ്ദേഹം പറഞ്ഞത്. മഹാത്മാ ഗാന്ധിയുടെ ആദർശങ്ങളും അദ്ദേഹത്തിന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ എന്ന പുസ്തകവും ഗാന്ധി സാഹിത്യ സംഗ്രഹവും എല്ലാ വെള്ളിയാഴ്ച്ചയും റേഡിയോയിൽ വരുന്ന ഗാന്ധിജിയെക്കുറിച്ചുള്ള പരിപാടികളുമെല്ലാം കേൾക്കുകയും അതിലെല്ലാം സന്തോഷിക്കുകയും ഗാന്ധിജിയെ സോവിയറ്റ് യൂണിയനിലെ ഗോർബച്ചേവ് അംഗീകരിച്ചതിനെക്കുറിച്ച് ലേഖനവും എഴുതിയ ഒരാളാണ് ഞാൻ. ആ എനിക്ക് ഗാന്ധിജിയോടുള്ള ആഭിമുഖ്യത്തിൽ നിന്നും മാറ്റാൻ ശ്രീ. സി.കെ. നാണുവിന് സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. മഹാത്മാഗാന്ധി, പണ്ഡിറ്റ് ജവഹർലാൽ നെഹ്രു ഇങ്ങനെയുള്ള മഹാന്മാരായ നേതാക്കന്മാരെല്ലാം ലോകത്തിന്റെ പൊതു സ്വത്താണ്. അത് അദ്ദേഹത്തിന്റെ മാത്രമാക്കി ചെറുതാക്കരുത്. ഞാൻ പറഞ്ഞത് ലോകത്ത് ഇന്ന് വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ചാണ്. ആഗോളവൽക്കരണവും ആധാരവൽക്കരണവുമെല്ലാം ഇവിടെ നേരത്തേ ആരോ പ്രസംഗിച്ചു. 1994-ൽ ഉണ്ടായിട്ടുള്ള ഗ്ലോബലൈസേഷനെന്ന പുതിയ പരിഷ്ക്കാരംകൊണ്ട് ലോകത്തിന്റെ സാമ്പത്തിക വ്യവസ്ഥയാകെ മാറിയിരിക്കുകയാണ്. മൊറോക്കോയിലെ മറാക്കേഷ് എന്നുപറയുന്ന സ്ഥലത്തുവച്ച് 116 രാജ്യങ്ങൾ ഒപ്പിട്ട 23,000 പേജുള്ള ഒരു രേഖയാണ് General Agreement on Tariff and Trade. ആ കരാർ നിലവിൽ വന്നതിനുശേഷം ലോകരാഷ്ട്രങ്ങളുടെയെല്ലാം സമ്പദ്വ്യവസ്ഥ ഒന്നുപോലെയായിത്തീർന്നിരിക്കുകയാണ്, എല്ലാ രാജ്യങ്ങളും ഒരുവഴിക്ക് പോകുകയാണ്,

ഏകധ്രുവലോകം ഉദയം ചെയ്തു. മുമ്പ് പല ബ്ലോക്കുകളായിരുന്നു, കമ്മ്യൂണിസ്റ്റ് ബ്ലോക്കുണ്ടായിരുന്നു; മുതലാളിത്ത ബ്ലോക്കുണ്ടായിരുന്നു; രണ്ടിലും ചേരാത്ത മൂന്നാം ബ്ലോക്കുണ്ടായിരുന്നു. ഇന്ന് ഇതെല്ലാം ചേർന്ന് ഒരു ബ്ലോക്കായി മാറിയിരിക്കുകയാണ്. ചൈന വരെ ആ മാർഗ്ഗത്തിലേക്ക് പോകുകയാണ്. ഞാൻ എന്ത് ചെയ്യാനാണ്; നമുക്ക് എന്തുചെയ്യാൻ കഴിയും? ലോകം മാറിക്കൊണ്ടിരിക്കുകയാണ്. ക്യൂബ ആ മാർഗ്ഗത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഉത്തരകൊറിയയും വിയറ്റ്നാമും ആ മാർഗ്ഗത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ വലിയ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ആ മാറ്റംകൊണ്ട് സമ്പത്തും ചരക്കും ഉൽപ്പാദിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ലോകം ആഢംബര വസ്തുക്കളുടെ കൂമ്പാരമായിക്കൊണ്ടിരിക്കുകയാണ്. മഹാനായ കാറൽ മാർക്സ് തന്നെ പറഞ്ഞത് ഈ ചരക്കുകൾ കുന്നുകൂട്ടി വയ്ക്കലാണ് മുതലാളിത്തം എന്നാണ്. ആ ചരക്കുകൾ കുന്നുകൂട്ടി വച്ചുകൊണ്ടിരിക്കുകയാണ്. ലോകത്ത് വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ ഇവിടെ മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഇ-വേസ്റ്റ് ബഹിരാകാശത്തുകൊണ്ടുപോയി അമേരിക്ക തള്ളുന്ന കാലമാണിത്. അങ്ങനെ ലോകത്ത് വന്നിട്ടുള്ള വലിയ മാറ്റങ്ങൾ കാണേണ്ടേ? പദാർത്ഥ കണികകൾക്ക് പ്രകാശ കണികകളെക്കാൾ വേഗത കൂടിയെന്നുപറയുന്ന കാലമാണിത്. അങ്ങനെയുള്ള പല പരിഷ്ക്കാരങ്ങളും നടക്കുന്ന ഒരു കാലത്ത്, മോഡണൈസേഷൻ ഇത്രയും വന്നകാ

ലത്ത്, ഇതൊന്നും നമ്മുടെ ആഗ്രഹത്തോടുകൂടിയല്ല നടക്കുന്നത്. ഇതിലെല്ലാം ഇന്റർഫിയർ ചെയ്യുന്നതിന് ലിമിറ്റേഷനുണ്ട്. അങ്ങനെ ലോകത്തിൽ വന്ന അത്ഭുതകരമായ മാറ്റം, unprecedented development വന്ന കാലത്ത് അതിൽപ്പെട്ട ഒരു കൂട്ടരാണ് നമ്മൾ മലയാളികളും കേരളത്തിലുള്ളവരും. മലയാളി എന്നുപറഞ്ഞാൽ ഇതിലൊന്നും ഒരു ഉത്തരവാദിത്വമില്ല, നമ്മൾ സങ്കുചിതമായ ഒരു ലോകത്ത് ജീവിക്കുന്നവരാണെന്ന് കരുതരുതെന്ന ഒരു വലിയ കാര്യമാണ് ഞാൻ പറഞ്ഞത്. മഹാത്മാഗാന്ധിയുടെ സന്ദേശവും അതുതന്നെയാണ്, മാനവരാശിക്ക് ആകെയുള്ള കാര്യമാണ് മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത്. അതൊരു വലിയ വിഷയമാക്കിക്കൊണ്ട് ഞാനെന്തോ ഗാന്ധിജിയെ ആക്ഷേപിച്ചെന്നുപറഞ്ഞാൽ, നിങ്ങളെന്നെ തല്ലിയാലും ഞാൻ ഗാന്ധിജിയെ ആക്ഷേപിക്കുകയില്ല. മഹാത്മാ ഗാന്ധിയെക്കുറിച്ച് ശ്രീ. ഒ.എൻ.വി. എഴുതിയ കവിതയിൽ മഹാത്മാ ഗാന്ധിയുടെ രണ്ട് മുൻവരിപ്പല്ലുകൾ സ്വാതന്ത്ര്യ സമരത്തിനായി കാണിക്കയിട്ടു എന്ന് പറഞ്ഞിട്ടുണ്ട്. ദക്ഷിണാഫ്രിക്കയിൽ വച്ച് റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിലേക്ക് അദ്ദേഹത്തെ ബ്രിട്ടീഷുകാർ വലിച്ചെറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ രണ്ട് മുൻവരിപ്പല്ലുകൾ പോയി. അതിനെക്കുറിച്ച് ശ്രീ. ഒ.എൻ.വി.-യുടെ കവിതയിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്, തന്റെ രണ്ട് മുൻവരിപ്പല്ലുകൾ കാണിക്കയിട്ടു എന്ന്. അതുപോലെ ആ വൃദ്ധഹൃദയത്തിന്റെ രക്ത സങ്കീർത്തനത്തോട് ചോദിക്കുക... എന്ന് മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്നതിനെപ്പറ്റി ശ്രീ. മധുസൂദനൻ നായർ

എഴുതിയ കവിതയിൽ പറയുന്നുണ്ട്. അങ്ങനെയുള്ള ആ മഹാത്മാ ഗാന്ധിയെക്കുറിച്ച് സദാ ഓർമ്മിക്കുകയും ആവേശഭരിതനാകുകയും, അത് മഹാത്മാഗാന്ധി മാത്രമല്ല, എല്ലാ പ്രവാചകന്മാരും, മാർക്സ് അടക്ക മുള്ള എല്ലാ തത്വചിന്തകന്മാരും, അവർക്കെല്ലാം അവരുടേതായ ചില സ്ഥാനങ്ങളുണ്ട്. അതെല്ലാം ചില ആളുകൾ സ്വന്തവൽക്കരിച്ച് അവനവ ന്റേതാണെന്നുമാത്രം പറഞ്ഞ് അവരെയൊന്നും ചെറുതാക്കരുതെന്നാണ് എനിക്ക് വിനീതമായി അപേക്ഷിക്കാനുള്ളത്. ഒരു കാര്യമുള്ളത്, അങ്ങ നെയുള്ള ഒരു കാലഘട്ടത്തിലാണ് വെൽഫെയർ സ്റ്റെപ്പ് എന്നുള്ള നില യിൽ ഈ നിയമനിർമ്മാണം നടത്തുന്നത്. ആ വെൽഫെയർ സ്റ്റെപ്പ് എന്നുള്ള നിലയിൽ,

<u>മി. ചെയർമാൻ</u>: ശ്രീ. സി. കെ. നാണു ഇത്രയും പ്രതീക്ഷിച്ചിട്ടുണ്ടാ വില്ല.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u>: ഗാന്ധിജിയെപ്പോലെ ഒരാൾ ജീവിച്ചിരുന്നു എന്നുപറഞ്ഞാൽ വരുംതലമുറ വിശ്വസിക്കുകയില്ല എന്ന് പണ്ട് ആരോ പറഞ്ഞിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ സങ്കൽപ്പം ഒരു രാമരാജ്യം ആയിരുന്നു, നെഹ്റുവിന്റെ സങ്കൽപ്പം ക്ഷേമരാജ്യമായിരുന്നു, പക്ഷെ അതെല്ലാം മാറി. ആധുനിക ലോകത്തിന് ഒരു മാറ്റം വന്നു. ഇത് ഇങ്ങനെ നിന്നുകൊള്ളണമെന്നില്ല, ഇനിയും മാറാം. അതുകൊണ്ട് ഈ ക്ഷേമനിധി ബില്ലിൽ ഉദ്യോഗസ്ഥരുടെ മേധാവിത്വം ഒഴിവാക്കുകയും അതിന്റെ ഗുണഭോക്താക്കൾക്ക് കൂടുതൽ ആനുകൂല്യം നൽകുകയും

രജിസ്ട്രേഷൻ വകുപ്പിനെ പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അഴിമതി അവസാനിപ്പിക്കുകയും ചെയ്യണം. എന്തായാലും ഈ ക്ഷേമനിധി ബിൽ അവതരിപ്പിച്ച ഗവൺമെന്റിനെ അനുകൂലിച്ചുകൊണ്ട് ന്യായമായ ഭേദഗതികളോടുകൂടി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, എന്തെങ്കിലും പറയാനുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഒട്ടനവധി നിർദ്ദേശങ്ങൾ കടന്നുവന്നിട്ടുണ്ട്. പൊതുവേ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങളും കടന്നുവന്നു. ഞാൻ മറുപടി പറയുന്നതല്ല. ഡിജിറ്റൈസെഷൻ, ഡിപ്പാർട്ടുമെന്റിന്റെ ആധുനികവത്ക്കരണം തുടങ്ങിയ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയങ്ങൾ എല്ലാം ഗവൺമെന്റ് ഉൾക്കൊണ്ട്...

മി.സ്പീക്കർ: സബ്ജക്ട് കമ്മിറ്റിയിലേക്ക് പോകുന്നുണ്ടല്ലോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അതെല്ലാം തീർച്ചയായും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരുപാട് വാലിഡ് പോയിന്റ്സ് ഇവിടെ വന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിച്ച കൂട്ടത്തിൽ ഉദ്യോഗസ്ഥരുടെ മേധാവിത്വം ഇതിന്റെ കോൺസ്റ്റിറ്റ്യൂഷനിലേക്ക് വരുമ്പോൾ അത് ഉണ്ടാക്കാവുന്ന ബുദ്ധിമുട്ടുകളൊക്കെ സംസാരിച്ചു. തീർച്ചയായും അതുൾപ്പെടെയുളള എല്ലാ കാര്യങ്ങളും പരിഗണിക്കാം. അതിൽ സ്വീകരിക്കാൻ കഴിയുന്നത് സ്വീകരിക്കുന്നതാണ്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. ഹംസ 2012-ലെ 48-ാം നമ്പർ ഓർഡിനൻസായ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ

ശ്രീ. എം. ഹംസ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി.സ്പീക്കർ: അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ...................

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി.സ്പീക്കർ: ശ്രീ. കെ.രാജു അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ? Sri. Raju not in the seat.

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി.സ്പീക്കർ: അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ

ശ്രീ. കെ. എൻ.എ. ഖാദർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു

മി.സ്പീക്കർ: 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരി ഗണനയ്ക്കയക്കുന്നു.